യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 3 മാർച്ച് 2018 വില 15 രൂപ



## നീതീകരണവും വിശുദ്ധീകരണവും

## ഞാൻ ആദരിക്കുകയും അനുഗമിക്കുകയും ചെയ്യുന്ന പ്രസംഗകർ

സാക് പുന്നൻ

JEEVAMOZHIKAL
**ജീവമൊഴികൾ**

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)

വാല്യം 16 മാർച്ച് 2018 ലക്കം 3

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

# അപമാനത്തിൽ വെളിപ്പെടുന്ന ദിവ്യസ്വഭാവം

നിങ്ങൾ അപമാനിക്കപ്പെടുമ്പോൾ അതിൽ പ്രകോപിതരാകരുതെന്നു മാത്രമല്ല നിങ്ങളുടെ ജീവിതത്തിലുള്ള 'ദൈവപുത്രനെ' പ്രദർശിപ്പിക്കാനുള്ള ഒരു അവസരമായി അതിനെ ഉപയോഗപ്പെടുത്തുകയും വേണം. നിങ്ങൾക്ക് യേശുവിന്റെ സ്വഭാവം അനുകരിക്കാൻ സാധ്യമല്ല. ഒന്നുകിൽ ആ സ്വഭാവം നിങ്ങളിലുണ്ട്, അല്ലെങ്കിൽ ഇല്ല. അത്രയേയുള്ളൂ. അല്ലാതെ യേശുവിന്റെ പെരുമാറ്റത്തെ അനുകരിക്കുകയല്ല വേണ്ടത്. വ്യക്തിപരമായ ഒരപമാനം ഒരു വിശുദ്ധനെ സംബന്ധിച്ചിടത്തോളം തന്നിലുള്ള കർത്താവായ യേശുവിന്റെ മാധുര്യത്തെ വെളിവാക്കാനുള്ള ഒരവസരമാണ്.



- ഓസ്‌വാൾഡ് ചേംബേഴ്സ്

## വിരോധത്തിന്റെ വേലി




*നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല. (മത്തായി 6:14,15)*

**എഡിറ്റോറിയൽ**



# നീതീകരണത്തിന്റെയും വിശുദ്ധീകരണത്തിന്റെയും അർത്ഥതലങ്ങൾ

"**അ**വൻ നമുക്കു ദൈവത്തിങ്കൽ നിന്നു..... നീതിയും ശുദ്ധീകരണവും..... ആയിത്തീർന്നു" (1കൊരി:1.30)

വിശ്വാസിയുടെ നീതീകരണവും വിശുദ്ധീകരണവും കർത്താവു തന്നെയാണ് എന്നു വ്യക്തമാക്കുന്ന ഈ വചനം വാസ്തവത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു ജീവിതത്തിനായുള്ള അദ്ധ്വാനത്തിൽ നിന്നു നമ്മെ വിമോചിപ്പിക്കുന്ന മനോഹരമായ ഒരു വാക്യമാണ്.

നീതീകരണവും വിശുദ്ധീകരണവും- ഇവയെക്കുറിച്ച് ദൈവവചനത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യക്തമായ ബോധ്യമില്ലെങ്കിൽ നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനത്തിന് ഉറപ്പുണ്ടാകുകയില്ല. പിശാചിന്റെ കുറ്റാരോപണങ്ങൾക്കു മുൻപിൽ പതറിപ്പോകും. ആത്മീയ വളർച്ച തടസ്സപ്പെടും.

രക്ഷിക്കപ്പെട്ടതിനുശേഷം 13 വർഷത്തോളം ഇതേപ്പറ്റി ഒരു വ്യക്തത ദൈവത്തിൽ നിന്നു തന്നെ പ്രാപിക്കാഞ്ഞ കാലങ്ങളെക്കുറിച്ചു ചൈനയിലെ വാച്ച്മാൻ നീ എന്ന ദൈവഭൃത്യൻ എഴുതിയിട്ടുണ്ട്. തന്റെ ജീവിതത്തിൽ എവിടെയോ എന്തോ ഒരു കുറവുള്ളതുപോലെയാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടത്. നിരന്തരം ദൈവത്തോടു പ്രാർത്ഥിച്ചു. ഒടുവിൽ ദൈവം തന്റെ വചനത്തിലൂടെ രക്ഷയിൽ അന്തർഭവിച്ചിട്ടുള്ള നീതീകരണത്തിന്റെയും വിശുദ്ധീകരണത്തിന്റെയും അർത്ഥതലങ്ങൾ അദ്ദേഹത്തിനു വെളിപ്പെടുത്തി. പിന്നീടൊരിക്കലും തന്റെ ജീവിതം പഴയപടി ആയിട്ടില്ലെന്നു നീ സാക്ഷ്യപ്പെടുത്തുന്നു.

രക്ഷ സംബന്ധിച്ചുള്ളതെല്ലാം തന്റെ ക്രൂശുമരണത്തിൽ യേശു പൂർത്തിയാക്കി – 'നിവൃത്തിയായി'. രക്ഷയെ സംബന്ധിച്ചു രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്: നാം ക്രിസ്തുവിൽ. രണ്ട്: ക്രിസ്തു നമ്മിൽ.

നമ്മെ ക്രിസ്തുവിൽ ആക്കിവച്ചിരിക്കുന്നു(We are in christ); അപ്പോൾ തന്നെ ക്രിസ്തു നമ്മിലുമാണ്(Christ in us). ഈ രണ്ടു കാര്യങ്ങളും ആകുമ്പോൾ എല്ലാം പൂർത്തിയായി. ഈ രണ്ടു കാര്യങ്ങളെക്കുറിച്ചും യേശു തന്നെ പറഞ്ഞിട്ടുണ്ട്: "എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയുകയില്ല.... ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹന്നാൻ 15:4). കണ്ടോ?. 'ഒരുത്തൻ എന്നിൽ' (നമ്മൾ കർത്താവിൽ); അപ്പോൾ തന്നെ 'ഞാൻ അവനിലും' (കർത്താവു നമ്മിൽ).

നാം നേരത്തെ ഉദ്ധരിച്ച 1 കൊരിന്ത്യർ 1:30 ൽ പൗലൊസും ഈ

രണ്ടു കാര്യങ്ങളെക്കുറിച്ചും പറയുന്നു: 'നിങ്ങളോ അവനാൽ ക്രിസ്തു യേശുവിൽ ഇരിക്കുന്നു. (നാം ക്രിസ്തുവിൽ).... അവൻ നമുക്ക്... ആയി ത്തീർന്നു'(ക്രിസ്തു നമ്മിൽ).

ഇതിൽ 'നാം ക്രിസ്തുവിൽ' എന്നതു നീതീകരണത്തോടു ബന്ധ പ്പെട്ടും 'ക്രിസ്തു നമ്മിൽ' എന്നതു വിശുദ്ധീകരണത്തോടു ബന്ധപ്പെട്ടും ചിന്തിക്കുന്നതു നമുക്ക് ഒട്ടേറെ ഉൾക്കാഴ്ച നൽകും.

പ്രാരംഭമായി 'നാം ക്രിസ്തുവിൽ' എന്ന കാര്യം നോക്കാം. ഇതു ദൈവം തന്നെ ചെയ്യുന്ന കാര്യമാണ്. അവിടുന്നു നമ്മെ കർത്താവിൽ ആക്കിവയ്ക്കുന്നു. 'തന്റെ മുന്നറിവിൻ പ്രകാരം.... ദൈവം ലോകസ്ഥാ പനത്തിനു മുൻപേ നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു'വല്ലോ (1പത്രോ:1:2; എഫേ 1:4). ഈ തിരഞ്ഞെടുപ്പ് അംഗീകരിച്ചു ദൈവവിളി യോട് ധനാത്മകമായി പ്രതികരിച്ചപ്പോൾ നമുക്ക് 'അവൻ മൂലം വിശ്വാ സത്താൽ ഈ കൃപയിലേക്കു പ്രവേശനം ലഭിച്ചു' (റോമർ 5:1, 2). ദൈവി കാഹ്വാനത്തോട് നാം അനുസരണം കാട്ടി എന്നതു ശരിയാണെങ്കിലും ഈ രക്ഷ സംബന്ധിച്ചു നമുക്കു പറയുവാൻ കഴിയുന്നത് 'നാശകര മായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി എന്റെ കാലുകളെ ക്രിസ്തുവെന്ന പാറമേൽ നിർത്തി' എന്നാണ്. (സ ങ്കീ. 40:2 നെ 1 കൊരി 10:4 നോടു ചേർത്തു വായിക്കുക). അവിടുന്നു നമ്മെ ക്രിസ്തുവിൽ വച്ചു. ഉവ്വ്, നിങ്ങളോ അവനാൽ ക്രിസ്തു യേശു വിൽ ഇരിക്കുന്നു.' (1 കൊരി 1:30)

നാം ക്രിസ്തുവിൽ ഇരിക്കുമ്പോൾ ക്രിസ്തുവിനു സംഭവിക്കുന്ന തെല്ലാം നാമും അനുഭവിക്കുകയാണ്. ഒരു ഉദാഹരണം ഇങ്ങനെ കേട്ടി ട്ടുണ്ട്. നാം ഒരു പുസ്തകം തുറന്ന് ഒരു ബസ് ടിക്കറ്റ് അതിനുള്ളിൽ വച്ചു എന്നിരിക്കട്ടെ. ഇപ്പോൾ ടിക്കറ്റ് പുസ്തകത്തിനുള്ളിൽ ഇരിക്കു ന്നു. ഇനി പുസ്തകത്തിനു സംഭവിക്കുന്നതെല്ലാം ടിക്കറ്റിനും ബാധക മാണ്. നാം ഈ പുസ്തകം പുഴയിലെറിഞ്ഞു എന്നു സങ്കല്പിക്കുക. ടിക്കറ്റും വെള്ളത്തിൽ വീണു. നാം പുസ്തകം തീയിലിട്ടുവെന്നിരിക്ക ട്ടെ. പുസ്തകം കത്തിച്ചാമ്പലാകുമ്പോൾ അതിനുള്ളിലെ ടിക്കറ്റും ചാര മായിത്തീരും. പകരം പുസ്തകം നാം പാഴ്സലായി വിദേശത്തേക്ക് അയ ച്ചുവെന്നു സങ്കൽപിക്കുക. ടിക്കറ്റിനെന്തു സംഭവിക്കും? ടിക്കറ്റും പുസ്ത കത്തോടൊപ്പം വിദേശത്ത് എത്തും. പുസ്തകത്തിനു സംഭവിച്ചതെല്ലാം ടിക്കറ്റിനും സംഭവിച്ചു. ഇതുപോലെയാണു നമ്മെ സംബന്ധിച്ചും. നാം ക്രിസ്തുവിലായിരിക്കയാൽ ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ 'നാമും(ന മ്മുടെ പഴയ മനുഷ്യൻ) അവനോടു കൂടെ ക്രൂശിക്കപ്പെട്ടു.' (ഗലാത്യർ 2:20, റോമർ 6:6). ക്രിസ്തു ഉയിർത്തെഴുന്നേറ്റപ്പോൾ നാമും അവനോടു കൂടെ ഉയിർത്തെഴുന്നേറ്റു (എഫേ. 2:5,7). ക്രിസ്തു സ്വർഗത്തിൽ ഇരു ത്തപ്പെട്ടപ്പോൾ നാമും അവനോടു കൂടെ അവിടെ ഇരുത്തപ്പെട്ടു (എ ഫേ. 2:7). ഇനി ക്രിസ്തു വെളിപ്പെടുമ്പോൾ നാമും അവനോടു കൂടെ വെളിപ്പെടും (കൊലോ. 3:4). എത്ര അദ്ഭുതകരം!

*(ശേഷം പേജ് 38 ൽ)*

സന്ദേശം

# നീതീകരണവും വിശുദ്ധീകരണവും

പാപകർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടുള്ള യേശുവിന്റെ വാക്കുകളിൽ സുവിശേഷത്തിന്റെ ദ്വിമുഖമായ സന്ദേശം സംക്ഷേപിക്കപ്പെട്ടിരിക്കുന്നു: 1) ഞാൻ നിന്നെ കുറ്റം വിധിക്കുന്നില്ല. 2) ഇനി പാപം ചെയ്യരുത് (യോഹ. 8:11)

ക്രിസ്തീയ ജീവിതമാകുന്ന ഓട്ടത്തിന്റെ തുടക്കം കുറിക്കുന്ന രേഖയാണു നീതികരണം. എന്നാൽ ഈ ഓട്ടം നാം ഓടേണ്ടതു വിശദ്ധീകരണമെന്ന ട്രാക്കിൽ കൂടിയാണ്. വിശുദ്ധീകരിക്കുക എന്നർത്ഥമായ sanctify എന്ന വാക്കിന് 'ഒരു പ്രത്യേക കാര്യത്തിനായി വേർതിരിക്കുക' എന്നാണർത്ഥം.അതിനാൽ



ഓട്ടക്കാർ മത്സരയോട്ടത്തിന്റെ പ്രാരംഭരേഖയിൽ വന്നു നിൽക്കുന്നത് ഓട്ടത്തിൽ പങ്കെടുക്കുവാൻ വേണ്ടിയാണ് ഇതുപോലെ നാം ക്രിസ്തുവിന്റെ അടുക്കലേക്കു വരുന്നതിന്റെ ഉദ്ദേശ്യം വിശുദ്ധീകരണമാണ്.

**നമ്മിൽ മിക്കവരും ആദ്യം ദൈവത്തിന്റെ അടുക്കൽ വരുന്നത് എന്തെങ്കിലും ചില സ്വാർത്ഥോദ്ദേശ്യങ്ങളോടു കൂടിയാണ്: ദൈവത്തിൽ നിന്നും എന്തെങ്കിലും കാര്യലാഭം പ്രതീക്ഷിച്ചാണ്. ആ കാര്യലാഭം രോഗശാന്തിയാകാം, അഥവാ നരകാഗ്നിയിൽ നിന്നുള്ള മോചനമാകാം. എങ്കിലും ആ സ്വാർത്ഥപരമായ ഉദ്ദേശ്യം നമ്മിലുണ്ടായിരുന്നാൽ തന്നെയും ദൈവം നമ്മെ കൈക്കൊള്ളുന്നു. എന്നാൽ നാം ക്രിസ്തീയ ജീവിതത്തിൽ തുടരുന്നതു സ്വർഗ്ഗത്തിൽ പോകാൻ നാം ആഗ്രഹിക്കുന്നതുകൊണ്ടു മാത്രമാണെങ്കിൽ അതു യഥാർത്ഥത്തിൽ ദുഃഖകരമാണ്.**

പാപത്തിൽനിന്നും ലോകത്തിൽ നിന്നും നമ്മുടെ സ്വാർത്ഥ ജീവിതത്തിൽ നിന്നും ക്രമാനുഗതമായി അധികമധികം വേർതിരിക്കപ്പെടുന്ന പരിപാടിയാണു വിശുദ്ധീകരണം.

ഒരു ഓട്ടക്കാരൻ ഒരു മത്സരയോട്ടത്തിന്റെ പ്രാരംഭരേഖയിൽ വന്നു നിൽക്കുന്നത് ഓട്ടത്തിൽ പങ്കെടുക്കുവാൻ വേണ്ടി ആയിരിക്കുന്നതു പോലെ നാം ക്രിസ്തുവിന്റെ അടുക്കലേക്കു വരുന്നതിന്റെ ആകെക്കൂടിയുള്ള ഉദ്ദേശ്യം നാം വിശുദ്ധീകരണം പ്രാപിക്കണം എന്നതത്രേ. ഓട്ടക്കാരൻ ഓട്ടത്തിൽ മത്സരിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അയാൾ മറ്റുള്ളവരോടൊപ്പം ആ സ്ഥാനത്തു വന്നു നിൽക്കുന്നത് അർത്ഥ ശൂന്യമാണല്ലോ.

**നമ്മെക്കുറിച്ചുള്ള ദൈവോദ്ദേശ്യം**

നമ്മിൽ മിക്കവരും ആദ്യം ദൈവത്തിന്റെ അടുക്കൽ വരുന്നത് എന്തെങ്കിലും ചില സ്വാർത്ഥോദ്ദേശ്യങ്ങളോടു കൂടിയാണ്: ദൈവത്തിൽ നിന്നും എന്തെങ്കിലും കാര്യലാഭം പ്രതീക്ഷിച്ചാണ്. ആ കാര്യലാഭം രോഗശാന്തിയാകാം, അഥവാ നരകാഗ്നിയിൽ നിന്നുള്ള മോചനമാകാം. എങ്കിലും ആ സ്വാർത്ഥപരമായ ഉദ്ദേശ്യം നമ്മിലുണ്ടായിരുന്നാൽ തന്നെയും ദൈവം നമ്മെ കൈക്കൊള്ളുന്നു. മുടിയൻ പുത്രൻ ഭവനത്തിലേക്കു തിരിച്ചുവന്നതു തന്റെ വിശപ്പു ശമിപ്പിക്കുവാനായിരുന്നുവെങ്കിലും പിതാവ് അവനെ അളവറ്റു സ്നേഹിച്ചിരുന്നതിനാൽ അവനെ ഭവനത്തിലേക്കു സ്വാഗതം ചെയ്തു. അതുപോലെയാണു ദൈവവും. അവിടുത്തെ നന്മയും കരുണയും അത്ര അപ്രമേയമാണ്.

എന്നാൽ നാം ക്രിസ്തീയ ജീവിതത്തിൽ തുടരുന്നതു സ്വർഗ്ഗത്തിൽ പോകാൻ നാം ആഗ്രഹിക്കുന്നതുകൊണ്ടു മാത്രമാണെങ്കിൽ അതു യഥാർത്ഥത്തിൽ ദുഃഖകരമാണ്. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം നാം കൂടുതൽ അറിയുന്തോറും അതിനെ പൂർണ്ണമായി നിറവേറ്റുവാൻ നാം ആഗ്രഹിക്കും. എഫെസോസിലെ ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥന തങ്ങളുടെ വിളിയാലുള്ള ആശ ഇന്നതെന്ന് അവർ ഗ്രഹിക്കുമാറ് അവരുടെ ഹൃദയദൃഷ്ടി പ്രകാശിതമാകണം എന്നായിരുന്നു (എഫേ. 1:18)

ദൈവത്തിന്റെ വിളിയാലുള്ള ആശ എന്താണെന്ന് റോമർ 8:28,19 വാക്യങ്ങൾ നമ്മോടു പറയുന്നുണ്ട്-

**അരുത്: നാം ഒരു പ്രാവശ്യം പോലും ബോധപൂർവ്വം പാപം ചെയ്യരുത്. ഇത് ഭാരമുള്ള, ദുർവഹമായ ഒരു സന്ദേശമായി ത്തോന്നുന്നുണ്ടോ? പാപത്തിൽ തുടരാനാഗ്രഹിക്കുന്നവർക്കു മാത്രമേ ഇതു ഭാരമായിത്തോ ന്നുകയുള്ളു. എന്നാൽ പാപ ത്തിന്റെ അടിമത്തത്തിലിരുന്നു മുഷിഞ്ഞവരും പൊറുതി മുട്ടി യവരുമായ ആളുകൾക്ക് ഇതു സന്തോഷപൂർവമായ ഒരു വിമോ ചന സന്ദേശമാണ്. ഏതൊരു തടവുകാരനും താൻ സ്വതന്ത്ര നാകുവാൻ സാധ്യതയുണ്ടെ ന്നുള്ള സന്ദേശം കേൾക്കുന്നതു സന്തോഷകരമായിരിക്കും.**

‘‘താൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ ദൈവം മുന്നിയമിച്ചിരിക്കുന്നു.”

നാം യേശുവിന്റെ സാദൃശ്യത്തോട് അനുരൂപരാകുമാറു രൂപാന്തരപ്പെടുകയും അവിടുത്തെ ഇളയ സഹോദരന്മാരാകുകയും ചെയ്യണമെന്നുള്ളതാണ് നമ്മെപ്പറ്റിയുള്ള ദൈവഹിതമെന്ന് അവിടെ നാം വായിക്കുന്നു. വിശുദ്ധീകരണത്തിന്റെ ഒന്നാകെയുള്ള അർത്ഥം അതാണ്. നാം ക്രമാനുഗതമായി അധികമധികം യേശുവിനെപ്പോലെ ആയിത്തീരുക: നാം ഓടുവാനായി ദൈവം നമ്മെ പ്രബോധിപ്പിക്കുന്ന മത്സരയോട്ടം അതാണ്. നമുക്കു മുമ്പായി ഈ ഓട്ടം ഓടിയ യേശുവിങ്കൽ നമ്മുടെ കണ്ണുകളെ ഉറപ്പിച്ചുകൊണ്ടാണ് ഈ ഓട്ടം നാം ഓടേണ്ടത്. (എബ്രാ. 12:12)

**പാപം വിട്ടൊഴിയുക**

ഈ ഓട്ടത്തിലെ ഒന്നാമത്തെ ഘട്ടം ബോധപൂർവ്വം പാപം ചെയ്യുന്നതു നിറുത്തുകയാണ്. ന്യായപ്രമാണവ്യവസ്ഥയിൽ പാപം നിറുത്തുവാനുള്ള പ്രബോധനം ഉണ്ടായിരുന്നില്ല. എന്നാൽ പുതിയനിയമ വ്യവസ്ഥപ്രകാരം സുവിശേഷത്തിന്റെ ദ്വിമുഖമായ സന്ദേശം യേശു പ്രസ്താവിച്ചതുപോലെ തന്നെ ശിക്ഷാവിധിയിൽനിന്നുള്ള സ്വാതന്ത്ര്യവും പാപജീവിതത്തിന്റെ വിരാമവും (മേലാൽ പാപം ചെയ്യുന്നതു നിറുത്തുക) ആണെന്നുള്ള കാര്യത്തിൽ എല്ലാ അപ്പോസ്തലന്മാരും ഏകാഭിപ്രായക്കാരാണ്.

പൗലൊസ് പറയുന്നു: “പാപം ചെയ്യാതിരിപ്പാൻ” (അഥവാ പാപം ചെയ്യുന്നത് നിറുത്തുവിൻ) (1 കൊരി. 15:34). യോഹന്നാൻ പറയുന്നു: “നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നുന്നു’’ (1 യോഹ. 2:1). പത്രോസും പാപം വിട്ടൊഴിഞ്ഞവരായിത്തീരുവാൻ നമ്മെ പ്രബോധിപ്പിക്കുന്നു (1 പത്രോ. 4:1).

റോമർ അഞ്ചാമധ്യായത്തിൽ വിശ്വാസത്താലുള്ള നീതീകരണത്തെ വിശദീകരിച്ചശേഷം പൗലൊസ് ഈ ചോദ്യം ചോദിക്കുന്നു: “ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ?” (റോമർ 6:1). വീണ്ടും കൂടുതൽ ശക്തിയായ ഭാഷയിൽ അദ്ദേഹം ചോദിക്കുന്നു: ‘‘ആക

**നമ്മുടെ ജഢത്തിലുള്ള മോഹത്തെ ഗർഭം ധരിക്കുവാൻ നാം അനുവദിക്കാതിരിക്കുന്നിട ത്തോളം കാലം പാപം നമ്മുടെ ഹൃദയത്തിൽ ജനിക്കുന്നില്ല. ഏതെങ്കിലും ഒരു മോഹം നമ്മുടെ മനസ്സിലേക്ക് ഒരു പാപ ചിന്തയുടെ മിന്നലാട്ടം അയ യ്ക്കുമ്പോഴാണ് നാം പരീക്ഷി ക്കപ്പെടുന്നത്. ആ പരീക്ഷ യ്ക്കുനമ്മുടെ മനസ്സ് സമ്മതം നൽകുന്നപക്ഷം, ആ സമയത്തു പാപത്തിന്റെ ഒരു ഗർഭധാരണം നടക്കുന്നു. അങ്ങനെ പാപം ജനിക്കുന്നു. പരീക്ഷിക്കപ്പെടുക എന്നതു നമ്മിൽ പാപം ഉളവാക്കുന്നില്ല.**

യാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ?" (റോമർ 6:1). വീണ്ടും കൂടുതൽ ശക്തിയായ ഭാഷ യിൽ അദ്ദേഹം ചോദിക്കുന്നു: "അതിനാൽ എന്ത്?" റോമർ 6:15, ആക്ഷരിക തർജ്ജമ). ഈ രണ്ടു സ്ഥാനങ്ങളിലുമുള്ള മറുപടി " ഒരു നാളും അരുത്" എന്നു തന്നെയാ ണ്.

അരുത്: നാം ഒരു പ്രാവശ്യം പോലും ബോധപൂർവ്വം പാപം ചെയ്യ രുത്.

ഇത് ഭാരമുള്ള, ദുർവഹമായ ഒരു സന്ദേശമായിത്തോന്നുന്നുണ്ടോ? പാപത്തിൽ തുടരാനാഗ്രഹി ക്കുന്നവർക്കു മാത്രമേ ഇതു ഭാരമാ യിത്തോന്നുകയുള്ളു. എന്നാൽ പാപ ത്തിന്റെ അടിമത്തത്തിലിരുന്നു മുഷി ഞ്ഞവരും പൊറുതി മുട്ടിയവരുമായ ആളുകൾക്ക് ഇതു സന്തോഷപൂർവ മായ ഒരു വിമോചന സന്ദേശമാണ്. ഏതൊരു തടവുകാരനും താൻ സ്വത ന്ത്രനാകുവാൻ സാധ്യതയുണ്ടെ ന്നുള്ള സന്ദേശം കേൾക്കുന്നതു സന്തോഷകരമായിരിക്കും. അതൊരി ക്കലും ഒരു ഭാരമായി അവനു തോന്നുകയില്ല. തോന്നുമോ?

ബദ്ധന്മാർക്കു വിടുതൽ പ്രഖ്യാപി ക്കുവാനും സാത്താനാൽ പീഡിതരാ യവരെ വിടുവിക്കുവാനുമാണ് ദൈവം യേശുവിനെ അഭിഷേകം ചെയ്തത് (ലൂക്കോ. 4:18)

പുതിയനിയമത്തിലെ മഹത്വകര മായ വാഗ്ദാനം ഇതാണ്: "നിങ്ങൾ ന്യായപ്രമാണത്തിന് (പഴയനിയമ ത്തിന്) അല്ല, കൃപയ്ക്ക് ( യേശു സ്ഥാപിച്ച പുതിയ നിയമത്തിന്) അത്രേ അധീനരാകയാൽ പാപം നിങ്ങളുടെ മേൽ കർത്തൃത്വം നട ത്തുകയില്ല" (റോമർ.6:14) ഇപ്രകാ രമൊരു ജീവിതം നിങ്ങൾക്കു സാധ്യ മാണെന്നു വിശ്വസിക്കുന്നതാണ് വിജയജീവിതത്തിലേക്കുള്ള ഒന്നാ മത്തെ കാൽവയ്പ്പ്.

**പ്രലോഭനവും പാപവും** (പരീ ക്ഷിക്കപ്പെടുന്നതും പാപവും)

പരീക്ഷിക്കപ്പെടുന്നതും പാപം ചെയ്യുന്നതും തമ്മിൽ വ്യത്യാസമു ണ്ട്.

യാക്കോ. 1:14,15 ആ വ്യത്യാസ ത്തെപ്പറ്റി വളരെ വ്യക്തമായി പ്രതി പാദിക്കുന്നു. അവിടെ ഇപ്രകാരം പറ യുന്നു: 'ഓരോരുത്തർ പരീക്ഷിക്ക പ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിക്കപ്പെടുകയും വശീകരിക്ക പ്പെടുകയും ചെയ്യുന്നതിനാൽ ആകു ന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു." നമ്മുടെ ജഢത്തി ലുള്ള മോഹത്തെ ഗർഭം ധരിക്കു

വാൻ നാം അനുവദിക്കാതിരിക്കുന്നിടത്തോളം കാലം പാപം നമ്മുടെ ഹൃദയത്തിൽ ജനിക്കുന്നില്ല. ഏതെങ്കിലും ഒരു മോഹം നമ്മുടെ മനസ്സിലേക്ക് ഒരു പാപചിന്തയുടെ മിന്നലാട്ടം അയയ്ക്കുമ്പോഴാണ് നാം പരീക്ഷിക്കപ്പെടുന്നത്. ആ പരീക്ഷയ്ക്കുനമ്മുടെ മനസ്സ് സമ്മതം നൽകുന്നപക്ഷം, ആ സമയത്തു പാപത്തിന്റെ ഒരു ഗർഭധാരണം നടക്കുന്നു. അങ്ങനെ പാപം ജനിക്കുന്നു.

പരീക്ഷിക്കപ്പെടുക എന്നതു നമ്മിൽ പാപം ഉളവാക്കുന്നില്ല. യേശു തന്നെയും പരീക്ഷിക്കപ്പെട്ടു. എന്നാൽ അവിടുന്ന് ഒരിക്കൽപ്പോലും ഏതെങ്കിലും വിധത്തിൽ പാപം ചെയ്തില്ല. തന്മൂലം അവിടുന്നു പൂർണ്ണമായും എപ്പോഴും വിശുദ്ധനായിരുന്നു.

യേശു സകലത്തിലും തന്റെ സഹോദരന്മാരോടു തുല്യനായിരുന്നുവെന്നും സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടുവെന്നും തിരുവെഴുത്തു പറയുന്നു (എബ്രാ. 2:17, 4:15). തികച്ചും നമ്മെപ്പോലെ തന്നെ അവിടുന്നു പരീക്ഷിക്കപ്പെട്ടു. എങ്കിലും അവിടുന്ന് ഒരിക്കലും പാപം ചെയ്തില്ല.

യേശു ദൈവമാകയാൽ സ്വാഭാവികമായിത്തന്നെ പാപത്തെ നിഷ്പ്രയാസം ജയിച്ചതായി കരുതുന്നതിനാൽ നമ്മിൽ ചിലർക്ക് ഈ കാര്യം വളരെ അദ്ഭുതകരമായിത്തോന്നുകയില്ല. എന്നാൽ അവിടുന്നു ഭൂമിയിലേക്കു വന്നപ്പോൾ ദൈവത്തോടുള്ള സമത്വം മൂലം തനിക്കുണ്ടായിരുന്ന പദവികൾ എല്ലാം വിട്ടുകളഞ്ഞു. അവിടുന്നു തന്നെത്താൻ ഒഴിച്ചു (emptied Himself ) എന്ന കാര്യം നാമോർക്കണം (ഫിലി. 2:6, 7). അവിടുന്നു ദൈവമായിരുന്നുവെങ്കിലും താൻ നൽകിയിട്ടുള്ള അതേ പരിശുദ്ധാത്മാവിന്റെ ശക്തി മാത്രമേ അവിടുത്തേക്കു ലഭ്യമായിരുന്നുള്ളു.

അതിനാലാണ് യേശുവിങ്കലേക്കു നമ്മുടെ കണ്ണുകൾ ഉറപ്പിച്ചുകൊണ്ടു നമ്മുടെ ഓട്ടം ഓടുവാൻ ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നത്. ഇന്നു പാപത്തിനെതിരായിട്ടുള്ള നമ്മുടെ പോരാട്ടത്തിൽ നമുക്ക് അവിടുത്തെ ദൃഷ്ടാന്തം നോക്കി ധൈര്യം സംഭരിക്കുവാൻ സാധിക്കും (എബ്രാ. 12:2-4). കാരണം, നാം അഭിമുഖീകരിക്കുന്ന ഓരോ പരീക്ഷയിന്മേലും യേശു ഒരു മനുഷ്യനെന്ന നിലയിൽ വിജയം നേടി. അങ്ങനെ അവിടുന്നു നമുക്ക് ഒരു മുന്നോടിയും പിന്തുടരുവാൻ ഒരു ദൃഷ്ടാന്തവും ആയീത്തീർന്നു (എബ്രാ. 6:20)

" ക്രിസ്തു ജഡത്തിൽ വന്നു; ആത്മാവിൽ നീതിമാൻ എന്നു പ്രഖ്യാപിക്കപ്പെട്ടു" എന്നതാണ് ദൈവികസ്വഭാവത്തിന്റെ മർമ്മം (1 തിമോ. 3:16). അവിടുത്തേക്ക് ഉണ്ടായിരുന്നതു നമുക്കുള്ള ജഡമായിരുന്നുവെങ്കിലും അവിടുന്നു സ്വജീവിതത്തിൽ തന്റെ ആത്മാവിനെ ആദ്യന്തം വിശുദ്ധിയിൽ സൂക്ഷിച്ചു.

താൻ ജയിച്ചതുപോലെ നമുക്കും സാധിക്കുമെന്ന പ്രത്യാശ നമുക്കു നൽകുന്നത് ഈ വസ്തുതയാണ്. എന്തെന്നാൽ അവിടുന്നു നമുക്കു വേണ്ടി തന്റെ ജഡത്തിലൂടെ ജീവനുള്ള ഒരു പുതുവഴി തുറന്നു. അതിലൂടെ ഇന്നു നമുക്ക് അവിടുത്തെ പിന്തുടരുവാൻ കഴിയും (എബ്രാ. 10:20). ഇതാണു വിശുദ്ധീകരണത്തിന്റെ മാർഗ്ഗം.

**പഴയ മനുഷ്യനും പുതിയ മനുഷ്യനും**

പഴയ മനുഷ്യൻ കള്ളന്മാരെ വീട്ടിനുള്ളിൽ കടക്കാൻ അനുവദിക്കുന്ന അവിശ്വസ്തരായ ഒരു ഭൃത്യനെപ്പോ

**ഒരു വിശ്വാസി പാപം ചെയ്യുന്നതും ഒരവിശ്വാസി പാപം ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഒരു പൂച്ച ചെളിവെള്ളത്തിൽ വീണുപോകുന്നതും ഒരു പന്നി അതേ ചെളിവെള്ളത്തിലേക്കു കുതിച്ചു ചാടുവാൻ ഉത്സാഹിക്കുന്നതും തമ്മിൽ വ്യത്യാസമുള്ളതുപോലെയാണിത്. ഇതാകെ സ്വഭാവത്തിന്റെ ഒരു പ്രശ്നമാണ്. യേശുവിന്റെ ശിഷ്യനു വിശുദ്ധിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്ന ഒരു പുതിയ സ്വഭാവമാണുള്ളത്.**

ലെയാണെന്ന വസ്തുത നമുക്കറിയാം. എങ്കിലും ആ പഴയ മനുഷ്യൻ ക്രൂശിക്കപ്പെടുകയും ഉരിഞ്ഞുകളയപ്പെടുകയും കുഴിച്ചിടപ്പെടുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ - "ദൈവമേ, ഇതാ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു" എന്നു പറയുന്ന ഒരു പുതുമനുഷ്യൻ നമ്മുടെ ഉള്ളിൽ കുടികൊള്ളുന്നു (എബ്രാ. 10:7).

എന്നാൽ തന്നെയും യേശുവിന്റെ ഏതൊരു ശിഷ്യനും പാപം ചെയ്യുക സാധ്യമാണെന്ന ദുഃഖസത്യം അവശേഷിക്കുന്നു. പക്ഷേ ഒരു വിശ്വാസി പാപം ചെയ്യുന്നതും ഒരവിശ്വാസി പാപം ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഒരു പൂച്ച ചെളിവെള്ളത്തിൽ വീണുപോകുന്നതും ഒരു പന്നി അതേ ചെളിവെള്ളത്തിലേക്കു കുതിച്ചു ചാടുവാൻ ഉത്സാഹിക്കുന്നതും തമ്മിൽ വ്യത്യാസമുള്ളതുപോലെയാണിത്. പൂച്ച ചെളിവെള്ളത്തെ വെറുക്കുന്നുവെങ്കിലും അബദ്ധവശാൽ അതിൽ വീണുപോകാം. പന്നിയാകട്ടെ, സ്വേച്ഛയാ അതു തിരഞ്ഞെടുക്കുന്നു. ഇതാകെ സ്വഭാവത്തിന്റെ ഒരു പ്രശ്നമാണ്. യേശുവിന്റെ ശിഷ്യനു വിശുദ്ധിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്ന ഒരു പുതിയ സ്വഭാവമാണുള്ളത്.

പഴയ മനുഷ്യൻ പാപം ചെയ്‌വാൻ ആഗ്രഹിക്കുന്നു. പുതിയ മനുഷ്യൻ അതൊരിക്കലും ആഗ്രഹിക്കുന്നില്ല. എന്നാൽ പുതിയ മനുഷ്യൻ വേണ്ടുവോളം ബലവാനല്ലെങ്കിൽ ജഡത്തിലെ മോഹങ്ങൾക്കെതിരെ തന്റെ ഹൃദയവാതിൽ അടച്ചു സൂക്ഷിക്കുവാൻ അവനു കഴിയുകയില്ല. ഇതു തീർച്ചയായും അവൻ ആ മോഹങ്ങൾ ആഗ്രഹിക്കുന്നതു മൂലമല്ല. എന്നാൽ അവയോടെതിർത്തു നിൽക്കുവാൻ വേണ്ടത്ര ബലം അവനില്ലാത്തതാണ് അതിനു കാരണം. അവൻ ദൈവവചനം മൂലം വേണ്ടുവോളം തന്നെത്താൻ പോഷിപ്പിക്കാത്തതുമൂലവും പ്രാർത്ഥനയിലൂടെ തന്നെത്തന്നെ ശക്തീകരിക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്.

അതിനാൽ പാപം ചെയ്യുന്നതും പാപത്തിൽ വീഴുന്നതും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ഈ വ്യത്യാസം അറിയുന്നതു പ്രധാനകാര്യമാണ്. അതറിഞ്ഞിരുന്നാൽ അനാവശ്യമായ വളരെയധികം കുറ്റബോധം നമ്മുടെ ഹൃദയത്തിൽ നിന്ന് ഒഴിവാക്കുവാൻ

*(ശേഷം പേജ് 31 ൽ)*

ചിന്തയ്ക്ക്

## തീക്ഷ്ണതയുള്ള ദൈവം -2

# തിടുക്കത്തിലുള്ള പ്രവൃത്തികൾ വർജ്ജിക്കുക

*(കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച ...)*

ദാവീദു രാജാവായിത്തീർന്നശേഷം, ദൗർഭാഗ്യമെന്നു പറയട്ടെ, ദൈവകല്പനയെ ഭേദപ്പെടുത്തുവാനിടയായി. ദൈവത്തിന് അദ്ദേഹത്തേയും ശിക്ഷിക്കേണ്ടി വന്നു. തന്നെ സേവിക്കുന്ന എല്ലാവരോടും ദൈവം കർശനക്കാരൻ തന്നെ.

ദൈവവചനം കൃത്യമായി പാലിക്കാതിരിക്കുന്നപക്ഷം നമ്മുടെ നല്ല ഉദ്ദേശ്യങ്ങൾ പോലും ദൈവഹിതത്തിൽ നിന്നകന്നു പോകുവാനിടയാകുന്നത് എങ്ങനെയെന്നു 2 ശമൂ. 6-ൽ നാം കാണുന്നു. ദാവീദ് ദൈവത്തിന്റെ നിയമപ്പെട്ടകം യെരൂശലേമിലേക്കു തിരിയെക്കൊണ്ടുവരികയായിരുന്നു. അതൊരു നല്ല കാര്യമായിരുന്നു. എന്നാൽ ദൈവം തന്റെ ന്യായപ്രമാണത്തിൽ കല്പിച്ചിട്ടുള്ളതുപോലെയല്ല അദ്ദേഹം അതു ചെയ്തത്. ലേവ്യർ തങ്ങളുടെ തോളിൽ നിയമപ്പെട്ടകം ചുമക്കണം എന്നായിരുന്നു ദൈവകല്പന. എന്നാൽ ദാവീദ് അതു ഭേദപ്പെടുത്തിയിട്ട് പെട്ടകം ഒരു വണ്ടിയിൽ വച്ചു കാളകളെക്കൊണ്ടു വലിപ്പിച്ചു. ഏതാനും വർഷം മുമ്പ് ആ മാർഗ്ഗം അവലംബിച്ച ഫെലിസ്ത്യരെ അനുകരിക്കുകയായിരുന്നു അദ്ദേഹം അവിടെ ചെയ്തത് (1 ശമൂ. 6:8-12).

ഇന്നും ഇതേ കാര്യം തന്നെ ചെയ്യുന്ന ക്രിസ്തീയനേതാക്കന്മാരുണ്ട്. അവർ ദൈവവചനോപദേശങ്ങളനുസരിച്ചല്ല, ലോകവ്യാപാരങ്ങളിലെ കൃത്യനിർവഹണത്തിന്റെ സമ്പ്രദായങ്ങളനുസരിച്ചാണു തങ്ങളുടെ സഭകളെ നിയന്ത്രിക്കുന്നത്.

കാളകൾ പെട്ടകം വലിച്ചുകൊണ്ടു പോകുമ്പോൾ അത് ഇളകുവാൻ ഇടയായി. ഉസ്സാ അതു കണ്ടപ്പോൾ പെട്ടകം വീഴാതിരിക്കുവാൻ വേണ്ടി കൈനീട്ടി അതിനെ പിടിച്ചു. ദൈവം ഉസ്സയെ അവന്റെ അനാദരം നിമിത്തം തൽക്ഷണം തന്നെ സംഹരിച്ചു.

ദൈവം നിയമിച്ച ഇടയന്മാർ ഒരു തെറ്റു ചെയ്യുമ്പോൾ അതുനിമിത്തം ആടുകളും നഷ്ടം സഹിക്കേണ്ടി വരുന്നുവെന്നത് ദുഃഖകരമായ ഒരു സത്യമാണ്. ദാവീദ് തെറ്റു ചെയ്തു അതുനിമിത്തം ഉസ്സായ്ക്കു ദോഷം സംഭവിച്ചു. ദൈവം തന്റെ ഭൃത്യരോടു വളരെ കർക്കശത്വമുള്ളവനാണെന്ന് അവിടെവച്ചു ദാവീദ് മനസ്സിലാക്കി.

ഉസ്സായ്ക്ക് ഏറ്റവും നല്ല ഉദ്ദേശ്യമാണുണ്ടായിരുന്നത്. എങ്കിലും ദൈവത്തിന്റെ ക്രോധം ഉസ്സായുടെ നേരേ ജ്വലിച്ചു (വാ. 7). ലേവ്യർ മാത്രമേ നിയമപ്പെട്ടകം തൊടാവു എന്നു ചെറുപ്പം മുതലേ ഉസ്സാ പഠി

**സഭയ്ക്ക് ഇളക്കം തട്ടുന്നതായി നാം കാണുന്നപക്ഷം നമുക്കു ദൈവത്തിന്റെ അടുക്കൽ ചെന്ന് അവിടുത്തോട് ഇങ്ങനെ പറയാം: “കർത്താവേ, അങ്ങാണു സഭയെ പണിയുന്നത്, ഞാനല്ല. അവിടുത്തെ സഭയെ സൂക്ഷിച്ചു കൊള്ളണമേ” കാര്യങ്ങൾ പോകേണ്ട വിധത്തിലല്ല പോകുന്നതെന്നു കാണുമ്പോൾ ഇതിന്റെ ചുമതലക്കാരനെന്നു നമുക്കു നമ്മോടുതന്നെ ചോദിക്കാം. പരിശുദ്ധാത്മാവാണോ ചുമതലക്കാരൻ? അതോ നാമോ?**

ച്ചിരുന്നു. എന്നാൽ ആ നിമിഷത്തിൽ അയാൾ ദൈവകല്പന ലഘുവായിക്കരുതുകയും അതിന്റെ ദോഷഫലമനുഭവിക്കുകയും ചെയ്തു.

ഉസ്സായുടെ തെറ്റ് ഇന്ന് ആവർത്തിക്കപ്പെടാൻ സാധ്യതയുണ്ട്. നമ്മുടെ സഭയിൽ ചില കാര്യങ്ങൾ തെറ്റായി നടക്കുന്നതു നാം കാണുമ്പോൾ ദൈവത്തിന്റെ പെട്ടകം നേരേ നിറുത്തുവാൻ നാമും കൈ നീട്ടിയെന്നു വരാം. അങ്ങനെയെങ്കിൽ ദൈവം നമ്മെ സംഹരിക്കും. കാരണം, നമ്മുടെ ഉദ്ദേശ്യം നല്ലതാണെങ്കിൽത്തന്നെയും നാം നമ്മുടെ പരിധി അതിലംഘിക്കുകയാണു ചെയ്യുന്നത്. ശരിയെന്നു നമ്മുടെ യുക്തി പറഞ്ഞ കാര്യമായിരിക്കാം നാം ചെയ്തത്. എന്നാൽ ദൈവമുമ്പാകെ അവിടുത്തെ ഹിതമറിയുവാൻ നാം കാത്തിരുന്നില്ല. നാം തിടുക്കത്തിൽ എടുത്തുചാടുകയാണു ചെയ്തത്.

യേശു പറഞ്ഞു: “ഞാൻ എന്റെ സഭയെ പണിയും” (മത്താ. 16:18). സഭയെ പണിയുക എന്നതു നമ്മുടെ വേലയല്ല, കർത്താവിന്റെ വേലയാണ്. ആ കൃത്യം അവിടുന്നു നമ്മിലാർക്കും ഏൽപ്പിച്ചുതന്നിട്ടില്ല. അതിനാൽ ഇന്നസ്ഥലത്തു ഞാൻ സഭ പണിയുകയാണ് എന്നു നാം പറയുമ്പോൾ അതു നിഗളപൂർവമായ ദുരഭിമാനമാണ്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ നമ്മുടെ സ്വന്തം പ്രവർത്തനമാണെന്ന് എപ്പോഴെങ്കിലുമൊരിക്കൽ നാം ചിന്തിക്കുന്നുവെങ്കിൽ ഉസ്സാ ചെയ്ത തെറ്റു തന്നെ നാമും ചെയ്കയാണ്.

സഭയ്ക്ക് ഇളക്കം തട്ടുന്നതായി നാം കാണുന്നപക്ഷം നമുക്കു ദൈവത്തിന്റെ അടുക്കൽ ചെന്ന് അവിടുത്തോട് ഇങ്ങനെ പറയാം: “കർത്താവേ, അങ്ങാണു സഭയെ പണിയുന്നത്, ഞാനല്ല. അവിടുത്തെ സഭയെ സൂക്ഷിച്ചുകൊള്ളണമേ”

കാര്യങ്ങൾ അവ പോകേണ്ട വിധത്തിലല്ല പോകുന്നതെന്നു നാം കാണുമ്പോൾ അത് ആരുടെ പ്രവർത്തനമാണെന്നും ആരാണ് അതിന്റെ ചുമതലക്കാരനെന്നും നമുക്കു നമ്മോടുതന്നെ ചോദിക്കാം. പരിശുദ്ധാത്മാവാണോ ചുമതലക്കാരൻ? അതോ നാമോ?

പെട്ടെന്ന് എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നുവെന്നു ചിലപ്പോൾ നമുക്കു തോന്നിയേക്കാം. എന്നാൽ പരിശുദ്ധാത്മാവിനു ചെവികൊടുക്കാതെ നാം പ്രവർത്തിക്കുന്നപക്ഷം, അപ്പോഴൊക്കെ നാം ജഡത്തിലായിരിക്കും പ്രവർത്തിക്കുന്നത്. അപ്പോൾ നമ്മുടെ പ്രവർത്തനങ്ങൾ സദുദ്ദേശ്യത്തോടു കൂടെയാണെങ്കിൽത്തന്നെയും നാം ഒന്നും ചെയ്യാതിരുന്നെങ്കിൽ ഉണ്ടാകുമായിരുന്നതിലധികം കുഴപ്പം അവിടെ ഉണ്ടായി

ത്തീരും. അതുകൊണ്ടു നാം ഇങ്ങ നെയാണു പറയേണ്ടത്: "കർത്താവേ, ഇവിടെ അങ്ങാണു ചുമതലക്കാരൻ. ആധിപത്യം അങ്ങയുടെ തോളിലാണ്. അതിനാൽ അങ്ങ് എന്തു കല്പിക്കുന്നവോ അതു ശ്രദ്ധിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ എന്തു ചെയ്യണമെന്ന് എന്നോട് അങ്ങു കല്പിക്കണമേ".

സദൃശവാക്യങ്ങളിൽ പലതരം ഭോഷന്മാരെപ്പറ്റി വിവരിക്കുന്നുണ്ട്. എന്നാൽ ഒടുവിൽ ഏറ്റവും വലിയ ഭോഷനെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"വാക്കിൽ (അഥവാ കാര്യങ്ങളിൽ) ബദ്ധപ്പാടുള്ള മനുഷ്യനെ നീ കാണുന്നുവോ? അവനെക്കാൾ മൂഢനെക്കുറിച്ച് അധികം പ്രത്യാശയുണ്ട്" (സദൃ. 29:20).

ബദ്ധപ്പാടുള്ള മനുഷ്യൻ, അതായതു തിടുക്കപ്പെട്ട് എന്തെങ്കിലും പറകയോ ചെയ്കയോ ചെയ്യുന്ന ഒരുവൻ, ഏതു സാഹചര്യത്തിലും ഏറ്റവും നല്ല കാര്യമെന്തെന്നു തനിക്കറിയാമെന്നു പൂർണ്ണമായ ഉറപ്പുള്ളവനാണ്, അയാൾക്കു ദൈവത്തോടാലോചിക്കേണ്ട ആവശ്യമേയില്ല. അയാൾക്കു സ്വന്തതീരുമാനപ്രകാരം പ്രവർത്തിക്കുവാൻ കഴിവുണ്ട്. ഇത്തരമൊരു മനുഷ്യനാണു ലോകത്തിലേക്കും വലിയ ഭോഷൻ.

യേശുവിനെക്കുറിച്ച് യെശയ്യാവ് ഇപ്രകാരം പ്രവചിച്ചിട്ടുണ്ട്: "അവിടുത്തെ പ്രമോദം യഹോവാഭക്തിയിലായിരിക്കും; അവിടുന്നു കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്കയില്ല; ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കുകയുമില്ല" (യെശ. 11:3). യേശുവിന്റെ കണ്ണുകൾ അന്ധമല്ലാഞ്ഞതിനാൽ പല കാര്യങ്ങളും കാണുന്നതിനെ ഒഴിവാക്കുവാൻ അവിടുത്തേക്കു കഴിഞ്ഞിരുന്നില്ല. അവിടുന്നു ചെകിടനല്ലാഞ്ഞതിനാൽ പലതും കേൾക്കുന്നത് ഒഴിവാക്കുവാനും സാധിച്ചിരുന്നില്ല. എന്നാൽ താൻ കാണുന്നതിനെയോ കേൾക്കുന്നതിനേയോ ആസ്പദമാക്കി അവിടുന്ന് ഒരു വിധി കല്പിക്കുകയോ ഒരഭിപ്രായം രൂപവൽക്കരിക്കുകയോ ചെയ്തിരുന്നില്ല. കാരണം, അവിടുന്നു തന്റെ പിതാവിനെ അത്രയധികം ഭയപ്പെട്ടിരുന്നു. ഒരിക്കൽ അവിടുന്നു തന്നെക്കുറിച്ചു തന്നെ ഇപ്രകാരം പറഞ്ഞു: "മനുഷ്യപുത്രനു തന്റെ പിതാവു ചെയ്തു കാണുന്നതല്ലാതെ സ്വതേ ഒന്നും ചെയ്‌വാൻ കഴിയുകയില്ല" (യോഹ. 5:19)

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കൂട്ടിക്കൊണ്ടു പരീശന്മാർ അവിടുത്തെ മുമ്പിൽ വന്നപ്പോൾ, യേശു കുറേ സമയത്തേക്ക് അവരുടെ ചോദ്യത്തിന് ഒരുത്തരവും പറഞ്ഞില്ല. തന്റെ പിതാവിൽനിന്നു കേൾക്കുവാൻ അവിടുന്നു കാത്തിരിക്കുകയായിരുന്നു. കേട്ടപ്പോൾ അവിടുന്നു സംസാരിച്ചു. ഒറ്റ വാക്യമേ സംസാരിച്ചുള്ളു: "നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ലെറിയട്ടെ". ഒരു മണിക്കൂർ നീണ്ട ഒരു പ്രസംഗത്തെക്കാളധികം കാര്യം ഒറ്റ വാക്യംകൊണ്ട് അവിടുന്നു നേടി.

ഒരു കുഴഞ്ഞ പ്രശ്നവുമായി ഒരാൾ നമ്മുടെ അടുക്കൽ വരുമ്പോൾ നാം നമ്മുടെ സാമർഥ്യത്തെയോ ഭൂതകാലപരിചയത്തെയോ ആസ്പദമാക്കി ഒരുപദേശം കൊടുക്കുന്നപക്ഷം പ്രശ്നം കൂടുതൽ സങ്കീർണ്ണമായിത്തീരാം. എന്നാൽ പിതാവിൽനിന്നുമുള്ള ഒരു ജ്ഞാനവചനത്തിന് അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ സാധിക്കും.

അതിനാൽ അടുത്തപ്രാവശ്യം 'കാളകൾ മുട്ടുകുത്തി വീഴുന്ന

ദൈവത്തെ സ്നേഹിക്കുന്ന സകലരും മീറ്റിംഗുകളിൽ മാത്രമല്ല, പുറമേയും തങ്ങൾ സംസാരിക്കുന്ന വാക്കുകളുടെ കാര്യത്തിൽ വളരെ കരുതലുള്ളവരായിരിക്കണം. ഒരു കാര്യം ഒരാളിനുവേണ്ടി ചെയ്യാമെന്നു നാം വാഗ്ദാനം ചെയ്കയും പിന്നീട് അതു മറന്നുകളയുകയും ചെയ്യരുത്. ഉദാഹരണമായി തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് നമ്മോടാവശ്യപ്പെടുന്ന ആളുകളോട് പ്രാർത്ഥിക്കാമെന്നു നാം വാഗ്ദാനം ചെയ്കയും പിന്നീട് ആ കാര്യം മറന്നുകളയുകയും ചെയ്യരുത്.

താരയോ പെട്ടകം മറിയുന്നതായോ' നാം കാണുമ്പോൾ നമ്മുടെ പേരുകളെ ഭോഷന്മാരുടെ പട്ടികയിൽ ഏറ്റവും മുകളിലായി സ്ഥാപിക്കുവാൻ നാം ശ്രമിക്കരുത്. നമ്മുടെ കണ്ണു കാണുന്നതിന്റെയോ ചെവി കേൾക്കുന്നതിന്റെയോ അടിസ്ഥാനത്തിൽ പെട്ടെന്നൊരു തീർപ്പു കല്പിക്കുവാനോ അനാദരപൂർവ്വം പ്രവർത്തിക്കുവാനോ ഭാവിക്കാതെ ദൈവമുമ്പാകെ നമ്മുടെ മുഖം മണ്ണിൽ പൂഴ്ത്തിയിട്ടു നമുക്ക് ഇങ്ങനെ പറയാം:''കർത്താവേ, ഇവിടെ എനിക്കു ജ്ഞാനം കുറവാണ്; ഞാൻ എന്തു ചെയ്യണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്?"

നമുക്കു ജ്ഞാനം കുറവാണെന്ന വസ്തുത സമ്മതിച്ചു കൊടുക്കുക വളരെ പ്രയാസമുള്ള കാര്യമാണ് - പ്രത്യേകിച്ച് സഭയിലുള്ള മറ്റുള്ളവർ നമ്മെക്കാൾ പ്രായം കുറഞ്ഞവരും അപക്വമതികളുമാണെന്നു നമുക്ക് അറിവുള്ളപ്പോൾ. എങ്കിലും നാം വിനയപൂർവ്വം നമ്മുടെ കുറവു സമ്മതിക്കുന്നപക്ഷം ദൈവം നമുക്കു സമൃദ്ധമായ ജ്ഞാനം നൽകും.

**വാക്കു പാലിക്കുക**

2 ശമൂ. 21:1- ൽ ദൈവം തന്റെ ഭൃത്യരോടു കാട്ടുന്ന കർക്കശത്വത്തിന്റെ മറ്റൊരു ദൃഷ്ടാന്തം നാം കാണുന്നു. ദാവീദിന്റെ ഭരണകാലത്ത് യിസ്രായേലിൽ തുടർച്ചയായി മൂന്നു വർഷം ക്ഷാമമുണ്ടായി. നമ്മുടെ സഭയിൽ ഇതുപോലെ വചനശുശ്രൂഷയുടെ ഒരു ക്ഷാമം അനുഭവപ്പെടുമ്പോൾ ദാവീദു ചെയ്ത കാര്യം നാമും ചെയ്യുന്നതു നല്ലതായിരിക്കും. ഇതിന്റെ കാരണമെന്താണെന്നറിയുവാൻ ദാവീദ് ദൈവത്തോടു അരുളപ്പാടു ചോദിച്ചു. ദൈവം ഉത്തരമരുളിച്ചെയ്തു: "വളരെ വർഷം മുമ്പ് യിസ്രായേൽ ഗിബെയോന്യരോടു ചെയ്തിരുന്ന വാഗ്ദാനം ലംഘിക്കുക മൂലമാണ് ഇതു സംഭവിച്ചത്."

300 വർഷക്കാലം മുമ്പ് യോശുവയുടെ കാലത്ത് യിസ്രായേൽ ഗിബെയോന്യരോട് അവരുടെ സന്തതികൾക്ക് ഒരിക്കലും തങ്ങൾ നാശം ചെയ്കയില്ലെന്ന വാഗ്ദാനം നൽകിയിരുന്നു. എന്നാൽ ശൗൽ രാജാവായിരുന്ന കാലത്ത് അദ്ദേഹം ആ വാഗ്ദാനം ലംഘിക്കുകയും അവരിൽച്ചിലരെ കൊല്ലുകയും ചെയ്തു. ആ പാപത്തിന്റെ ശിക്ഷ യിസ്രായേല്യർക്കു ലഭിച്ചത് 30 വർഷത്തിനു ശേഷമായിരുന്നു. ദൈവം തന്റെ കണക്കുകൾ വളരെ സൂക്ഷ്മമായി പാലിക്കുന്നവനാണ്. നാം ചെയ്തി

ട്ടുള്ള തെറ്റുകൾ ഒന്നും തന്നെ, നാം അതിനു നീതിപൂർവ്വമായ പരിഹാര മനുഷ്ഠിക്കുന്നില്ലെങ്കിൽ വിസ്മരിക്കപ്പെടുന്നില്ല. ചിലപ്പോൾ നാമുമായുള്ള തന്റെ കണക്കുകൾ തീർക്കുവാൻ ദൈവം 30 വർഷം എടുത്തേക്കാം. എങ്കിലും ഒരിക്കൽ അവിടുന്ന് അതു തീർക്കുക തന്നെ ചെയ്യും. ഈ കാര്യത്തിനു പരിഹാരം ചെയ്യുന്നതുവരെയും ദൈവം യിസ്രായേലിൽനിന്ന് ആ ക്ഷാമം പിൻവലിച്ചില്ല.

ദൈവത്തെ സ്നേഹിക്കുന്ന സകലരും മീറ്റിംഗുകളിൽ മാത്രമല്ല, പുറമേയും തങ്ങൾ സംസാരിക്കുന്ന വാക്കുകളുടെ കാര്യത്തിൽ വളരെ കരുതലുള്ളവരായിരിക്കണം. ഒരു കാര്യം ഒരാളിനുവേണ്ടി ചെയ്യാമെന്നു നാം വാഗ്ദാനം ചെയ്കയും പിന്നീട് അതു മറന്നുകളയുകയും ചെയ്യരുത്. ഉദാഹരണമായി തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് നമ്മോടാവശ്യപ്പെടുന്ന ആളുകളോട് പ്രാർത്ഥിക്കാമെന്നു നാം വാഗ്ദാനം ചെയ്കയും പിന്നീട് ആ കാര്യം മറന്നുകളയുകയും ചെയ്യരുത്.

തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നാവശ്യപ്പെടുന്ന ഒട്ടധികംആളുകൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്കു സാധ്യമല്ലെങ്കിൽ നാം സത്യസന്ധരായി ആ കാര്യം അവരോടു പറയുകയാണ് വേണ്ടത്. ഒന്നുകിൽ ''ഓർക്കുമ്പോഴെല്ലാം ഞാൻ താങ്കൾക്കുവേണ്ടി പ്രാർത്ഥിക്കാം'' എന്നു പറയുകയോ അല്ലെങ്കിൽ അപ്പോൾ അവിടെവച്ചു തന്നെ പ്രാർത്ഥിക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ നമുക്കു പാലിക്കുവാൻ അസാധ്യമായ വാഗ്ദാനങ്ങൾ നാം ഒരിക്കലും ചെയ്യരുത്.

നാം മറ്റുള്ളവരോട് ലാഘവബുദ്ധിയോടെ വാഗ്ദാനം ചെയ്യുന്നവരാണെങ്കിൽ നമുക്കു ദൈവവചനം ഗൗരവപൂർവ്വം സംസാരിക്കുവാൻ എങ്ങനെ കഴിയും? നാം വാഗ്ദാനം ചെയ്ത ഒരു കാര്യം നിറവേറ്റുവാൻ നമുക്കു കഴിവില്ലാതായാൽ ആ വ്യക്തിയുടെ അടുക്കൽ നാം ചെന്ന് എന്തുകൊണ്ട് നമുക്കു വാക്കു പാലിക്കുവാൻ സാധിക്കാതെപോയി എന്ന കാര്യം വിശദീകരിക്കുകയും നമ്മുടെ വീഴ്ചയ്ക്കു ക്ഷമ ചോദിക്കുകയും വേണം. വാഗ്ദാനലംഘനം എന്നത് ഗൗരവാവഹമായ ഒരു കാര്യമത്രേ.

''മനുഷ്യൻ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും'' (മത്തായി.12:36).

നാം മറ്റുള്ളവരോടു ചെയ്യുന്ന വാഗ്ദാനങ്ങളെ ദൈവം വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. നമ്മുടെ വാക്കു ലംഘിക്കുവാൻ നമുക്ക് ഒരവകാശവുമില്ല. അത് അവിശ്വാസികളോടായാലും (ഗിബെയോന്യരെപ്പോലെ); ഭൃത്യരോടായാൽ പോലും.

ദീർഘകാലമായി നമ്മുടെ മേൽ ശിക്ഷയൊന്നും വീഴാഞ്ഞതുമൂലം നാം ഒരു കാര്യത്തിൽ ചെയ്തതും പിന്നീടു പരിഹാരം വരുത്താതെപോയതുമായ അനീതി ദൈവം മറന്നുകളഞ്ഞുവെന്നു നാം സങ്കല്പിച്ചേക്കാം. എന്നാൽ ദൈവം ഒരിക്കലും മറക്കുന്നില്ല. ദൈവത്തിന്റെ ന്യായവിധികൾ മന്ദഗതിയിലായിരിക്കാം വരുന്നത്. എന്നാൽ അന്തിമമായി അവ വരിക തന്നെ ചെയ്യും.

"ആകയാൽ നാം... ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക; നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ" (എബ്രാ. 12:28,29).

(അവസാനിച്ചു)

❖

# സ്നേഹത്തിന്റെ നിറദീപം

'തടങ്കൽപാളയത്തിൽ ജ്വലിച്ച സ്നേഹദീപം'- രണ്ടാം ലോകമഹായുദ്ധകാലത്ത് നാസി തടങ്കൽ പാളയത്തിൽ പീഡനത്തിന് ഇരയായ കോറി ടെൻ ബൂം എന്ന വനിതയാണ് ഇങ്ങനെ അറിയപ്പെടുന്നത്. ഇതൊരു വൈരുദ്ധ്യമായി തോന്നാം. കാരണം പീഡനങ്ങളുടെ മുറിപ്പാടുകൾ പേറുന്ന ഒരു സ്ത്രീക്കു സ്നേഹത്തിന്റെ നിറദീപമായി പിന്നീടു ശോഭിക്കാൻ കഴിയുന്നതെങ്ങനെ എന്നു നമുക്കു സംശയം തോന്നാം.

എന്നാൽ കോറി ടെൻ ബൂം വ്യത്യസ്തയായിരുന്നു. പീഡനങ്ങളാൽ സ്ഫുടം ചെയ്യപ്പെട്ട് ഊതിക്കാച്ചിയ പൊന്നുപോലെ തടങ്കൽപാളയത്തിൽ നിന്നു പുറത്തു വന്ന അവർ ജീവിതത്തിന്റെ പിന്നീടുള്ള വർഷങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ചു പതിനായിരങ്ങളോടു ക്ഷമയുടെയും സ്നേഹത്തിന്റെയും രഹസ്യങ്ങൾ പങ്കു വയ്ക്കുന്നതിൽ സന്തോഷം കണ്ടെത്തി. ജർമനിയിൽ അത്തരം ഒരു മീറ്റിംഗിൽ വച്ചുണ്ടായ വിചിത്രമായ ഒരനുഭവം കോറി ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. "എന്റെ ജീവിതത്തിലുണ്ടായ കാര്യങ്ങളെക്കുറിച്ചും നാസി തടങ്കൽപാളയത്തിലെ അനുഭവങ്ങളെക്കുറിച്ചും ജർമനിയിൽ ഒരു സ്ഥലത്തു നടന്ന ഒരു യോഗത്തിൽ ഞാൻ വിവരിക്കുകയായിരുന്നു. പൊടുന്നനെ ഞാൻ ഒരു കാര്യം ശ്രദ്ധിച്ചു. സദസ്സിൽ നിന്ന് ഒരു സ്ത്രീ എന്റെ നേരെ നോക്കാൻ മടിച്ച് ഒഴിഞ്ഞുമാറി പോകാൻ ശ്രമിക്കുന്നതുപോലെ ... ആ മുഖം എനിക്കു വളരെ പരിചിതമായി തോന്നി. ആരാണ് ആ സ്ത്രീ? പെട്ടെന്ന് ഒരു നടുക്കത്തോടെ ഞാൻ തിരിച്ചറിഞ്ഞു. - ദൈവമേ, ഇതവരാണ്. പീഡനക്യാംപിൽ എന്നോടും മെല്ലെ മരണത്തിലേക്കു വഴുതിവീണുകൊണ്ടിരുന്ന എന്റെ സഹോദരി ബെറ്റ്സിയോടും വളരെ മോശമായി, മൃഗീയമായി പെരുമാറിയിരുന്ന ആ നഴ്സ്. അവരാണത്." കോറി ടെൻ ബൂമിന്റെ മനസ്സിലേക്ക് ആ മുഖം എന്തെല്ലാം ഓർമകളായിരിക്കും ഉണർത്തി വിട്ടിരിക്കുക!

ഹോളണ്ടിൽ പിതാവ് കാസ്പെർ, സഹോദരി ബെറ്റ്സി എന്നിവരോടു കൂടെ സമാധാനമായി ജീവിച്ചുവരവെയാണ് കോറി പിതാവിനോടും സഹോദരിയോടുമൊപ്പം നാസി പട്ടാളത്തിന്റെ പിടിയിലാകുന്നത്. യെഹൂദന്മാരെ ജർമൻ പട്ടാളത്തിന്റെ കൈകളിൽ നിന്നു രക്ഷിക്കാനായി വീട്ടിൽ അവർക്ക് ഒളിത്താവളം ഒരുക്കി എന്നതായിരുന്നു കാസ്പെറിന്റേയും പെൺമക്കളുടേയും കുറ്റം. കയ്യോടെ അവർ പീഡനക്യാംപിൽ അടയ്ക്കപ്പെട്ടു. തടവിലായി

ഒൻപതാം ദിവസം തന്നെ കാസ്പർ പീഡനങ്ങളുടെ ഫലമായി മരണമടഞ്ഞു.

എന്നാൽ കോറിക്കും ബെറ്റ്സിക്കും കാര്യങ്ങൾ അത്രയും എളുപ്പമായിരുന്നില്ല. തമ്മിൽഭേദം മരണമായിരുന്നുവെന്നു തോന്നുന്ന നിലയിലുള്ള പീഡനങ്ങളിലൂടെ അവർ കടന്നുപോയി. പക്ഷേ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും അതിൽ നിന്നുളവായ പ്രത്യാശയും അവർക്കു ധൈര്യം പകർന്നു. എന്നാൽ ബെറ്റ്സിക്കു തടവറയിലെ പീഡനങ്ങളെ അതിജീവിക്കാൻ കഴിഞ്ഞില്ല. അവളും അധികം വൈകാതെ മരിച്ചു. കോറി മാത്രം വർഷങ്ങൾ നീണ്ട യാതനകൾ പിന്നിട്ട് പീഡനക്യാംപിൽ നിന്നു പുറുത്തുവന്നു.

അന്നു തങ്ങളെ മൃഗീയമായി പീഡിപ്പിക്കാൻ അധികൃതർക്കു കൂട്ടുനിന്ന നഴ്സാണ് ഇന്നുതന്നെ അഭിമുഖീകരിക്കാനാവാതെ ഒഴിഞ്ഞുമാറുന്നതെന്നു തിരിച്ചറിഞ്ഞപ്പോൾ കോറിയുടെ മനസ്സിൽ ആദ്യം തല പൊക്കിയത് വിദ്വേഷവും പകയുമാണ്.

പക്ഷേ പൊടുന്നനെ അവരുടെ ചിന്ത ക്രൂശിലേക്കു തിരിഞ്ഞു. അവിടെ ഗോൽഗോഥ മലമുകളിലെ മൂന്നു ക്രൂശുകളിൽ മധ്യത്തിലുള്ളതിൽ നിന്ന് ഇങ്ങനെ ഒരു പ്രാർത്ഥന ഉയരുന്നു: 'ഇവർ ചെയ്യുന്നത് എന്തെന്ന് അറിയാത്തതിനാൽ ഇവരോടു ക്ഷമിക്കണമേ.'

കോറിയുടെ മനസ്സിലേക്ക് ഒരു വചനവും വന്നു: 'ദൈവത്തിന്റെ സ്നേഹം ... നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.' തന്നെ ക്രൂശിച്ച ആളുകളോടു ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത അതേ ദൈവസ്നേഹമാണു തന്റെ ഹൃദയത്തിലും പകർന്നിരിക്കുന്നതെന്ന തിരിച്ചറിവ് അവർക്കുണ്ടായി. അവർ അതിനു ദൈവത്തിനു നിശ്ശബ്ദം നന്ദി പറഞ്ഞു. പൊടുന്നനെ ആ അത്ഭുതം സംഭവിച്ചു - കോറിയുടെ ഹൃദയത്തിൽ ആ നഴ്സിനോടു ദിവ്യമായ ഒരു സ്നേഹം അനുഭവപ്പെട്ടു. അതുവരെയുണ്ടായിരുന്ന വിദ്വേഷത്തിന്റെ ചിന്തകൾ സൂര്യപ്രകാശത്തിൽ കാർമേഘം പോലെ എവിടെയോ മാറിപ്പോയി. കോറി ഉടനെ തന്നെ ആ നഴ്സിനെ തിരഞ്ഞു ചെന്നു. അവളോടു സ്നേഹത്തോടെ ഇടപെട്ടു. താൻ എല്ലാം ക്ഷമിച്ചെന്ന ഉറപ്പ് അവൾക്കു നൽകി. തുടർന്നു ദൈവസ്നേഹത്തിന്റെ സന്ദേശം ആ

**സത്യത്തിൽ യേശുവിനെ ക്രൂശിക്കുമ്പോൾ തങ്ങൾ എന്താണു ചെയ്യുന്നതെന്ന് പരീശന്മാർക്കും പടയാളികൾക്കും അറിയില്ലായിരുന്നോ? തീർച്ചയായും അറിയാമായിരുന്നു. അങ്ങനെയെങ്കിൽ അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല എന്ന സംശയത്തിന്റെ ആനുകൂല്യം യേശു അവർക്കു നൽകിയതെന്താണ്? ഇവിടെ ക്ഷമിക്കാൻ കഴിയുന്നതിനു പിന്നിലുള്ള ഒരു രഹസ്യം നമുക്കു കാണാം.**

നഴ്സുമായി കോറി പങ്കു വച്ചു. അവരുടെ ജീവിതത്തിലും അത് ഒരു പരിവർത്തനത്തിന്റെ തുടക്കമായി...

ക്രൂശിലെ ഏഴ് അന്ത്യമൊഴികളിലൊന്നിൽ യേശു ഇപ്രകാരം പ്രാർത്ഥിച്ചു: 'പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ' - ഈ പ്രാർത്ഥനയാണ് കോറിക്കു വഴികാട്ടിയായത്. ഇവിടെ നമുക്ക് ഒരു സംശയം വരാം. സത്യത്തിൽ യേശുവിനെ ക്രൂശിക്കുമ്പോൾ തങ്ങൾ എന്താണു ചെയ്യുന്നതെന്ന് പരീശന്മാർക്കും പടയാളികൾക്കും അറിയില്ലായിരുന്നോ? തീർച്ചയായും അറിയാമായിരുന്നു. അങ്ങനെയെങ്കിൽ അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല എന്ന സംശയത്തിന്റെ ആനുകൂല്യം യേശു അവർക്കു നൽകിയതെന്താണ്? ഇവിടെ ക്ഷമിക്കാൻ കഴിയുന്നതിനു പിന്നിലുള്ള ഒരു രഹസ്യം നമുക്കു കാണാം. യഥാർത്ഥത്തിൽ ഒരാൾ നമ്മെ ഉപദ്രവിക്കുമ്പോൾ അയാൾ ചെയ്യുന്നതിന്റെ പരിണതഫലങ്ങളെല്ലാം വേണ്ടപോലെ, വ്യക്തതയോടെ, മനസ്സിലാക്കിയിട്ടാണോ അങ്ങനെ പ്രവർത്തിക്കുന്നത്? പലപ്പോഴും അല്ല എന്നാണ് ഉത്തരം. കൂട്ടുകാരിയെക്കുറിച്ചു പരദൂഷണം പറഞ്ഞു പരത്തിയ സ്ത്രീയെക്കുറിച്ചുള്ള കഥ പലരും കേട്ടിട്ടുണ്ടാകും. അവൾ ചെയ്തതിന്റെ ദൂഷ്യഫലങ്ങൾ അവളെ മനസ്സിലാക്കിക്കാൻ ഗ്രാമത്തിലെ ഗുരു അവളോട് ആവശ്യപ്പെട്ടത് ഒരു സഞ്ചി നിറയെ പക്ഷിത്തൂവലുകൾ എടുത്തുകൊണ്ട് ഗ്രാമപാതയിൽ ഒരറ്റം മുതൽ മറ്റെ അറ്റം വരെ വിതറാനാണ്. അവൾ അതു ചെയ്തശേഷം ജോലി തീർന്ന ലാഘവത്തോടെ ഗുരുവിനെ സമീപിച്ചപ്പോൾ അദ്ദേഹം വീണ്ടും അവളോട് ആവശ്യപ്പെട്ടു- 'വിതറിയ തൂവലുകളെല്ലാം വീണ്ടും ഒന്നുപോലും നഷ്ടപ്പെടാതെ പാതയിൽനിന്നു ശേഖരിക്കുക'. അതിനു തുനിഞ്ഞപ്പോഴാണ് അത് എളുപ്പമല്ലെന്ന് അവൾക്കു മനസ്സിലായത്. തൂവലുകളിലേറെയും കാറ്റടിച്ചു പലവഴിക്കു പറന്നുപോയിരുന്നു. ഒടുവിൽ നേരത്തെ വിതറിയതിന്റെ നാലിലൊന്നു മാത്രം പെറുക്കിയെടുത്ത് അവൾ മടങ്ങിയെത്തിയപ്പോൾ ഗുരു പറഞ്ഞു: 'കണ്ടോ, ഈ തൂവലുകൾ പോലെയാണു നീ പറഞ്ഞുപരത്തിയ ദൂഷണങ്ങളും. അതു പലയിടത്തേക്കു പറന്നുപോയി. ഇനി നീ വിചാരിച്ചാൽപോലും കാര്യങ്ങൾ പഴയനിലയിലാക്കാൻ കഴിയുകയില്ല.' അപ്പോഴാണ് താൻ നേരത്തെ ചെയ്തതെന്തെന്നു വാസ്തവത്തിൽ അവൾക്കു മനസ്സിലായത്. ഇതു നേരത്തെ വേണ്ടപോലെ മനസ്സിലാക്കിയിരുന്നെങ്കിൽ അവളതു ചെയ്യുമായിരുന്നില്ല. നമ്മെക്കുറിച്ചും ദോഷം പറഞ്ഞുപരത്തുന്നവരെക്കുറിച്ചും, നമ്മെ ദ്രോഹിക്കുന്നവരെക്കുറിച്ചും വാസ്തവത്തിൽ ഇതല്ലേ നേര്?- തങ്ങൾ ചെയ്യുന്നതെന്തെന്നു വാസ്തവത്തിൽ അവർ മനസ്സിലാക്കിയിട്ടില്ല. വേണ്ടതുപോലെ മനസ്സിലാക്കിയിരുന്നെങ്കിൽ അവർ അങ്ങനെ ചെയ്യുമായിരുന്നില്ല.

യേശുവിനെ ക്രൂശിച്ചവരെക്കുറിച്ചു സെന്റ് പോളും പിന്നീടൊരിക്കൽ പറഞ്ഞു: 'തങ്ങൾ ചെയ്യുന്നതെന്തെന്ന് ഈ ലോകത്തിന്റെ പ്രഭുക്കന്മാർ അറിഞ്ഞിരുന്നുവെങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കുകയില്ലായിരുന്നു' (1 കൊരിന്ത്യർ 2:8)

അവർ തങ്ങൾ ചെയ്യുന്ന തെറ്റി

## 500 വർഷം മുൻപ് മുഴങ്ങിയ നവീകരണത്തിന്റെ കാഹളം–V



# അനുഗൃഹീതമായ കുടുംബജീവിതം

**ദൈ**വത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബജീവിതമായിരുന്നു മാർട്ടിൻ ലൂഥറുടേത്. കാതറിൻ വോൺ ബോറാ വളരെ സമർത്ഥയായ ഒരു ഗൃഹനായികയായിരുന്നു. ആത്മീയകാര്യങ്ങളിൽ ലൂഥർ കൂടുതലായി ശ്രദ്ധിച്ചിരുന്നതിനാൽ ഭവനത്തിലെ ചെറുതും വലുതുമായ പ്രായോഗികമായ പലകാര്യങ്ങളും ശ്രദ്ധിച്ചു നടത്തിയിരുന്നത് കാതറീനയായിരുന്നു.

വിശ്രമമില്ലാത്ത ജോലികൾ ലൂഥറുടെ ആരോഗ്യ സ്ഥിതിയെ വല്ലാതെ ബലഹീനമാക്കി. രോഗിയായി അദ്ദേഹം കിടക്കയിലാകുമ്പോഴൊക്കെ കാതറീനയുടെ പരിചരണം അദ്ദേഹത്തിന് അനുഗ്രഹമായി. ഭരണാധികാരികളുടെ പകയും ശക്തരായ കത്തോലിക്ക പുരോഹിതവർഗത്തിന്റെ കടുത്ത ശത്രുതയും ഭീഷണിയും കുറ്റാരോപണങ്ങളും നിരന്തരമായി ലൂഥറിന് അനുഭവിക്കേണ്ടി വന്നു. ഇത് അദ്ദേഹത്തെ പലപ്പോഴും മാനസികമായും വല്ലാതെ തളർത്തി. ഇത്തരത്തിൽ ഒരിക്കൽ വിഷാദമൂകനായി ലൂഥർ മുറിയിൽ ആയിരിക്കുമ്പോൾ, മരണവീടുകളിൽ പോകുമ്പോൾ ധരിക്കുന്ന കറുത്ത കുപ്പായവുമിട്ട് ലൂഥറിന്റെ മുന്നിൽ കാതറീന എത്തിച്ചേർന്നു. ഉത്കണ്ഠയോടെ "എന്തുസംഭവിച്ചു, ആരാണ് മരിച്ചത്?" എന്ന് ലൂഥർ ആരാഞ്ഞു. "കഷ്ടം, ദൈവം മരിച്ചു പോയി" എന്ന മറുപടിയാണ് കാതറിൻ നൽകിയത്. "എന്തു വിവരക്കേടാണ്. ദൈവം ജീവിക്കുന്നുവെന്ന് നിനക്കറിയില്ലേ", എന്ന് ലൂഥർ ദേഷ്യത്തോടെ ചോദിച്ചു. ''അങ്ങനെയാണോ? അങ്ങയുടെ സങ്കടം കണ്ടപ്പോൾ എനിക്കുതോന്നി

---

ന്റെ ഗുരുത്വം വേണ്ടപോലെ മനസ്സിലാക്കുന്നില്ല, അതുകൊണ്ട് അവരോടു ക്ഷമിക്കണമേ- ഇതായിരുന്നു യേശുവിന്റെ പ്രാർത്ഥന.

മറ്റുള്ളവരോടു ക്ഷമിക്കുമ്പോൾ നാം നമ്മോടു തന്നെയാണു കരുണ കാട്ടുന്നത്. ഇന്ന് അൾസർ, ആസ്മ പോലെയുള്ള പലരോഗങ്ങളുടെയും പിന്നിലുള്ളത് ക്ഷമിക്കാത്ത മനോഭാവമാണെന്ന ആധുനിക വൈദ്യശാസ്ത്രത്തിന്റെ അഭിപ്രായം ഗൗരവമായി എടുത്താൽ, തീർച്ചയായും ക്ഷമിക്കുമ്പോൾ നാം നമ്മോടു തന്നെയാണു ദയ കാണിക്കുന്നത്.

സെന്റ് പോളിന്റെ വാക്കുകൾ വീണ്ടും : 'ദീർഘമായി ക്ഷമിക്കുക, ദയ കാണിക്കുക- യഥാർത്ഥ സ്നേഹം അതാണ്'.

❖

ദൈവം മരിച്ചുപോയി എന്ന്. അതു കൊണ്ട് താങ്കളുടെ ദുഃഖത്തിൽ പങ്കു ചേരാനാണ് ഞാൻ കറുത്ത ഉടുപ്പ് ധരിച്ചെത്തിയത്''. കാതറീനയുടെ വാക്കുകൾ കേട്ടപ്പോൾ ലൂഥറിന് ചിരിയാണ് വന്നത്. ''ശരിയാണ്, ദൈവം ജീവിക്കുന്നു. ഞാൻ ഇത്ര ത്തോളം ദുഃഖിക്കരുതായിരുന്നു!'', ലൂഥറിന് തന്റെ അവിശ്വാസത്തെ തിരിച്ചറിയുവാൻ സാധിച്ചു. കാത റീൻ വോൺ ബോറയുടെ പക്വത യോടെയുള്ള പെരുമാറ്റങ്ങൾക്കുള്ള ഉദാഹരണമായി ഈ സംഭവത്തെ കാണാം.

മാർട്ടിൻ ലൂഥർ - കാതറിൻ ദമ്പ തികൾക്ക് ദൈവം ആറുമക്കളെ ദാന മായി നൽകി. മൂന്ന് ആൺ മക്കളും മൂന്ന് പെൺമക്കളും. ഇതിൽ രണ്ടു പെൺമക്കൾ - ഒരു വയസ്സുള്ള പ്പോൾ എലിസബത്തും പതിമൂന്ന് വയസ്സുള്ളപ്പോൾ മഗ്ദലീനയും - മരണം മൂലം അവരിൽ നിന്ന് വേർപെട്ടുപോയി. ഇതിൽ മഗ്ദലീന യുടെ വേർപാട് ലൂഥറെ വല്ലാതെ തളർത്തി. അവളുടെ രോഗക്കിട ക്കയ്ക്കരുകിൽ മുട്ടിൻമേൽ നിന്ന് വിടുതലിനായി ലൂഥർ കണ്ണീരോടെ പ്രാർത്ഥിക്കുമായിരുന്നു. എന്നാൽ ദൈവഹിതം മറ്റൊന്നായിരുന്നു. അവ ളുടെ ശവസംസ്കാര സമയത്ത് ലൂഥർ ഇപ്രകാരമാണ് പ്രതികരിച്ചത്: '' പ്രിയപ്പെട്ട കൊച്ചു മഗ്ദലീന, നീ സൂര്യനെയും നക്ഷത്രങ്ങ ളെയുംപോലെ ഉദിച്ചുയർന്ന് പ്രകാശി ക്കും. അവൾ സമാധാനത്തിലും സ്വസ്ഥിതിയിലും ആയിരിക്കുന്നു എന്ന് അറിയുമ്പോഴും ഇത്രമാത്രം ഞാൻ ദുഃഖിതനായിരിക്കേണ്ടി വരു ന്നത് എത്രമാത്രം അസാധാരണ മായ കാര്യമാണ്!''. അത്രമാത്രം കരുതലും വാത്സല്യവും ലൂഥർ കുഞ്ഞുങ്ങൾക്ക് നൽകിയിരുന്നു. കുട്ടികളെ വചനം പഠിപ്പിക്കുന്നതിൽ ലൂഥറും കാതറീനയും വലിയ താൽപ്പര്യം കാണിച്ചിരുന്നു.

ലൂഥർ ഒരു വലിയ അതിഥിപ്രീയ നായിരുന്നു. ലൂഥറുടെ സൽക്കാരം ആസ്വദിച്ച വലുതും ചെറുതുമായ ആളുകളുടെ നിര വളരെ വിപുലമാ ണ്. സൽക്കാരവേളകളിൽ ലൂഥറിൽ നിന്നും അടർന്നുവീണ വചന ത്തിന്റെ മുത്തുകൾ സുഹൃത്തു ക്കളും വിദ്യാർത്ഥികളും നഷ്ടമാ കാതെ ശേഖരിച്ചെടുത്ത് 53 വാല്യ ങ്ങളായി 'മേശ സംഭാഷണങ്ങൾ' (Table Talks)എന്ന പേരിൽ പ്രസി ദ്ധീകരിച്ചിട്ടുണ്ട്. ശ്രേഷ്ഠനായ നവീ കരണ വീരന്റെ വ്യക്തിജീവി തത്തെയും പ്രവർത്തനങ്ങളെയും സ്വഭാവത്തെയും അടുത്തറിയുവാ നുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് 'മേശസംഭാഷണങ്ങൾ'.

ലൂഥർ ഒരു കവിയും സംഗീത ജ്ഞനും ഗായകനുമായിരുന്നു. ഗാന ങ്ങൾക്ക് ക്രിസ്തീയ വിശ്വാസത്തിൽ വലിയ പങ്കുണ്ടെന്ന തിരിച്ചറിവിൽ വചന സത്യങ്ങളെ വ്യക്തമാക്കു വാനും ഹൃദയങ്ങളിൽ ദൈവിക സമാധാനം പകരുവാനും ക്രിസ്തീയ കീർത്തനങ്ങളെ പ്രയോ ജനപ്പെടുത്തുവാൻ ലൂഥർ സ്വയം പരിശ്രമിക്കുകയും മറ്റുള്ളവരെ ഉത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. 1523 ജൂലൈ മാസം ബ്രസൽസിൽ രണ്ട് അഗസ്തിനിയൻ യുവസന്യാ സിമാർ സുവിശേഷ സന്ദേശങ്ങളാൽ ആകൃഷ്ടരായി ലൂഥർ പക്ഷക്കാ രായി മാറി. യൂറോപ്പിൽ പലയിടങ്ങ ളിലും നവീകരണ വിശ്വാസികളെ തടവിലാക്കുകയും കൊല്ലുകയും ചെയ്യുന്നത് അക്കാലത്ത് സാധാരണ മായിരുന്നു. ഈ രണ്ടു യുവവൈദി



***ദൈവം യോജിപ്പിച്ചത്:*** മാർട്ടിൻ ലൂഥറും കാതറിൻ വോൺ ബോറയും.

കരെയും എതിരാളികൾ അഗ്നിക്കിരയാക്കി. ഈ രക്തസാക്ഷികളെ സ്മരിച്ചുകൊണ്ട് മനോഹരമായ ഒരു കവിത ലൂഥർ എഴുതി. ഇതാണ് ''പ്രിയപ്പെട്ട ക്രിസ്ത്യാനികളേ, നിങ്ങൾ എല്ലാവരും സന്തോഷിപ്പിൻ'' എന്നു തുടങ്ങുന്ന നവീകരണോപദേശത്തിന്റെ ഗാനരൂപം. 1523 ൽ ഇത് പുറത്തിറങ്ങി. തുടർന്ന് അദ്ദേഹത്തിന്റെ പലഗാനങ്ങളും വളരെവേഗം ജനമദ്ധ്യത്തിൽ പ്രചരിച്ചു. ലൂഥറുടെ പാട്ടുകളിൽ ഏറ്റവും പ്രസിദ്ധമായത് 'A Mighty Fortress is our God ' (നമ്മുടെ ദൈവം ഒരു ശക്തമായ കോട്ടയാകുന്നു) എന്ന ഗാനമാണ്. 46-ാം സങ്കീർത്തനമാണ് ഈ പാട്ടിന്നാധാരം. ' വിശ്വാസികളുടെ സംഗീതം' , 'ജർമ്മൻ പ്രൊട്ടസ്റ്റന്റുകാരുടെ ദേശീയഗാനം ' എന്നിങ്ങനെയൊക്കെ ഈ ഗാനം അറിയപ്പെടാറുണ്ട്. ലൂഥർ തന്നെ ഈണം പകർന്ന ഈ ഗാനം ജർമ്മനിയാകെ കാട്ടുതീപോലെയാണ് വ്യാപിച്ചത്. ദൈവവചനം ഗാനരീതിയിൽ പഠിപ്പിക്കുന്നതിന് പ്രവാചകന്മാരുടെയും സഭാപിതാക്കന്മാരുടെയും മാതൃക പിന്തുടർന്ന് ജർമ്മൻ ഭാഷയിൽ ആത്മീയഗീതങ്ങൾ ചിട്ടപ്പെടുത്താൻ ലൂഥർ മറ്റുള്ളവരെ ഉത്സാഹിപ്പിച്ചിരുന്നു.

ലൂഥറുടെ പ്രസംഗങ്ങൾക്കും എഴുത്തുകൾക്കും ലഭിച്ചിരുന്ന അതേ സ്ഥാനം അദ്ദേഹത്തിന്റെ കീർത്തനങ്ങൾക്കും ലഭിക്കുകയുണ്ടായി. 'വിറ്റൻബർഗി ലെ വന്യമൃഗം' എന്ന് അദ്ദേഹത്തെ വിളിച്ചാക്ഷേപിച്ചവർ ' വിറ്റൻബർഗിലെ വാനമ്പാടി' എന്ന് തിരുത്തിവിളിക്കുവാനിടയായി. നവീകരണ കാലത്തുതന്നെ സംഗീതത്തെയും സംഗീതോപകരണങ്ങളെയും വെറുക്കുകയും ഇവ സാത്താന്യമാധ്യമങ്ങളാണെന്ന് പറഞ്ഞ് തിരസ്കരിക്കുകയും ചെയ്തിരുന്ന വലിയൊരു വിഭാഗം ഉണ്ടായിരുന്നു. എന്നാൽ ഇവിടെയും ലൂഥർ വ്യത്യസ്തനായിരുന്നു.

(തുടരും)

**ബോബി കുര്യൻ**

❖

ഇത്തിരിവെട്ടം

# ഞാൻ ആദരിക്കുകയും അനുഗമിക്കുകയും ചെയ്യുന്ന പ്രസംഗകർ

സാക് പുന്നൻ

യേശു പറഞ്ഞു : "എന്നെ അനുഗമിക്കുക" (ലൂക്കോസ് 9:23).

പൗലൊസ് പറഞ്ഞു : " ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതു പോലെ നിങ്ങൾ എന്നെ അനുഗമിക്കുക" ( 1 കൊരി. 11:1; ഫിലി. 3.17)

ദൈവഭക്തനായ ഏതു പ്രസംഗകനും താൻ പ്രസംഗിക്കുന്നവരോടു



*നമ്മെ വീട്ടിൽ എപ്പോഴും കാണുന്നതുകൊണ്ട് നമ്മുടെ കുട്ടികൾക്കാണു നമ്മെ ഏറ്റവും നന്നായി അറിയാവുന്നത്.*

എങ്ങനെ പറയണമെന്നാണു പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നതെന്നു പൗലൊസിന്റെ ഈ വാക്കുകളിൽ നിന്നു വ്യക്തമാണ്.

പല പ്രസംഗകരും പറയാറുണ്ട്. "നിങ്ങൾ എന്നെ പിന്തുടരേണ്ട. മറിച്ച് കർത്താവിനെ അനുഗമിക്കുക." വളരെ താഴ്മയുള്ള വാക്കുകളായി ഇതു തോന്നാം. എന്നാൽ വാസ്തവത്തിൽ ഇത് അവരുടെ പരാജയപ്പെട്ട ജീവിതത്തെ മറച്ചു പിടിക്കാനുള്ള ഒരു ക്ഷമാപണം മാത്രമാണ്; പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കലിന് എതിരുമാണ്.

"ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുഗമിക്കുക" എന്നു പറയാൻ കഴിയുന്ന പ്രസംഗകരെയാണു ഞാൻ ബഹുമാനിക്കുന്നതും പിന്തുടരുന്നതും. ദുഃഖകരമെന്നു പറയട്ടെ, ഇന്ന് അത്തരം പ്രസംഗകരുടെ എണ്ണം തുലോം ദുർല്ലഭമാണ്.

പൗലൊസിന്റെ മാനസാന്തരത്തിനു മുൻപ്, പൗലൊസ് ഒരു തികഞ്ഞ പരാജയമായിരുന്നു. എന്നിട്ടും ദൈവം അവനെ രൂപാന്തരപ്പെടുത്തി. പൂർണനല്ലായിരുന്നെങ്കിലും അനേകർക്കു പിൻപറ്റാൻ കഴിയുന്ന ഒരു മാതൃകയായി പൗലൊസിനെ മാറ്റി (ഫിലി. 3:12-14 കാണുക). (ലോകത്തിലെ ഏറ്റവും ഉത്തമനായ ക്രിസ്ത്യാനിപോലും പൂർണനായിരിക്കുകയില്ല, എന്നാൽ പൂർണതയിലേക്ക് ആയുന്നവനായിരിക്കും)

അതുകൊണ്ട് ഭൂതകാലത്ത് താങ്കൾ ഒരു വലിയ പരാജയമായിരുന്നെങ്കിലും ദൈവത്തിനു താങ്കളെ മറ്റുള്ളവർക്കു പിൻപറ്റുവാൻ കഴിയുന്ന ഒരു മാതൃകയായി മാറ്റുവാൻ കഴിയും.

എനിക്കു ബഹുമാനിക്കുവാനും പിന്തുടരുവാനും കഴിയുന്ന ഒരു പ്രസംഗകനിൽ ഞാൻ പ്രാഥമികമായും നോക്കുന്നതു താഴെപറയുന്ന ഏഴു സ്വഭാവ പ്രത്യേകതകൾ ഉണ്ടോയെന്നാണ്.

1. അദ്ദേഹം താഴ്മയുള്ള, ആർക്കും സമീപിക്കാൻ കഴിയുന്ന ഒരാളായിരിക്കണം.

യേശു താഴ്മയുള്ളവനും ആർക്കും സമീപിക്കാൻ കഴിയുന്നവനും ആയിരുന്നു (മത്തായി 11:29) ആളുകൾക്ക് എവിടെയും എപ്പോഴും യേശുവിനെ സമീപിക്കാൻ കഴിയുമായിരുന്നു. നിക്കോദേമോസിന് അർദ്ധരാത്രിയിൽ യേശുവിനെ വീട്ടിൽ ചെന്നു കാണാമായിരുന്നു. പരസ്യസ്ഥലത്ത് ആർക്കും എപ്പോൾ വേണമെങ്കിലും യേശുവിനോട് സംസാരിക്കാമായിരുന്നു. യേശുവിന്റെ താഴ്മ ദരിദ്രരോടു സുവിശേഷം അറിയിപ്പാൻ (ലൂക്കോസ് 4:18) തനിക്ക് എപ്പോഴും പ്രേരണ നൽകി. പൗലൊസാകട്ടെ, തന്റെ തെറ്റുകൾ എളുപ്പത്തിൽ സമ്മതിക്കുവാനും സദാ ക്ഷമ ചോദിക്കുവാനും തയ്യാറുള്ളവനായിരുന്നു (പ്രവൃ. 23:1-5) ഈ മട്ടിൽ പണക്കാരോടും ദരിദ്രരോടും വിവേചനം കാണിക്കാത്തവരും തങ്ങളെക്കുറിച്ചു തന്നെ വലിയ ഭാവം പുലർത്താത്തവരും, തെറ്റുചെയ്താൽ വേഗത്തിൽ ക്ഷമ ചോദിക്കുന്നവരും സദാ സാധാരണ സഹോദരന്മാരായി മാത്രം ഇരിക്കുന്നവരുമായ പ്രസംഗകരെ മാത്രമാണു ഞാൻ അനുഗമിക്കുന്നത്.

2. അദ്ദേഹം തനിക്കു വേണ്ടിയോ തന്റെ ശുശ്രൂഷയ്ക്കു വേണ്ടിയോ മറ്റുള്ളവരോടു പണം ചോദിക്കാത്ത

വനും ലളിതമായ ജീവിതശൈലി ഉള്ളവനുമായിരിക്കണം.

ദാനമായി ആരെങ്കിലും, എന്തെങ്കിലും തന്നാൽ അതു വാങ്ങിയാൽ തന്നെ (പൗലൊസ് വല്ലപ്പോഴും ചെയ്തിരുന്നതുപോലെ - ഫിലിപ്യർ 4:16 -18) തന്നെക്കാൾ ധനികരായവരുടെ കയ്യിൽ നിന്നു മാത്രം - ഒരിക്കൽ പോലും തന്നെക്കാൾ ദരിദ്രനായ ഒരുവന്റെ കയ്യിൽ നിന്നല്ല - അതു സ്വീകരിക്കും. തനിക്കുവേണ്ടിയോ താൻ ഏർപ്പെട്ടിരിക്കുന്ന ശുശ്രൂഷയ്ക്കു വേണ്ടിയോ യേശു ഒരിക്കലും ആരോടും പണം വാങ്ങിയില്ല. തന്നെക്കാൾ സാമ്പത്തികമായി ഉയർന്ന നിലയിലുള്ളവരിൽ നിന്നു മാത്രം അവിടുന്നു ദാനങ്ങൾ സ്വീകരിച്ചു ( ലൂക്കോ. 8:3) യേശുവിനും പൗലൊസിനും ലളിതമായ ജീവിതശൈലിയാണുണ്ടായിരുന്നത്. പണത്തോടും ഭൗതിക വസ്തുക്കളോടും യേശുവിനും പൗലൊസിനും ഉണ്ടായിരുന്ന അതേ മനോഭാവമുള്ള പ്രസംഗകരെ മാത്രമാണു ഞാൻ പിന്തുടരുന്നത്.

3. ദൈവഭക്തനായ ഒരു മനുഷ്യൻ എന്ന സാക്ഷ്യം പുലർത്തുന്നവനായിരിക്കണം അദ്ദേഹം.

ദൈവഭക്തനും നേരായി നടക്കുന്നവനും വിശുദ്ധിക്കായി ആഗ്രഹമുള്ളവനുമായ ഒരുവൻ എന്നായിരിക്കണം അദ്ദേഹം അറിയപ്പെടേണ്ടത്. ഒന്നിലും സ്വന്തമായത് അന്വേഷിക്കാത്തവനും നാവിനെ സൂക്ഷിക്കുന്നവനും (യാക്കോബ് 1:26; എഫേസ്യ. 4:26-31) ആയിരിക്കണം അദ്ദേഹം. പരാജയപ്പെടുന്നവരോടു കരുണയുള്ളവനായിരിക്കണം. തന്റെ പ്രാർത്ഥന, ഉപവാസം , ദാനം നൽകുന്നത് എന്നിവയെക്കുറിച്ച് ഒരിക്കലും പുകഴ്ച പറയാത്തവനുമായിരിക്കണം അദ്ദേഹം ( മത്തായി 6:1-18). പ്രായമുള്ളവരും ചെറുപ്പക്കാരുമായ എല്ലാ സ്ത്രീകളോടും പൂർണ നിർമലത കാത്തുസൂക്ഷിക്കുന്നവൻ എന്നതായിരിക്കണം എപ്പോഴും അദ്ദേഹത്തിന്റെ സാക്ഷ്യം (1 തിമൊ. 5:2). ജീവിതത്തിൽ വിശുദ്ധിയുടെ അത്തരം ഒരു സൗരഭ്യമുള്ള പ്രസംഗകരെയാണു ഞാൻ പിന്തുടരുന്നത്.

4. അദ്ദേഹം തന്റെ കുഞ്ഞുങ്ങളെ ദൈവവഴിയിൽ വളർത്തിക്കൊണ്ടുവന്നവനായിരിക്കണം.

താൻ ക്രിസ്തുവിനെ അനുഗമിക്കുന്നതുപോലെ കുട്ടികൾ അദ്ദേഹത്തെ അനുഗമിക്കുന്നവരായിരിക്കണം. ഒന്നാമതു തന്റെ കുഞ്ഞുങ്ങളെ ദൈവഭക്തിയിൽ വളർത്താത്ത ഒരുവനു സഭയുടെ നേതാവായിരിക്കാനാവില്ലെന്നു പരിശുദ്ധാത്മാവു പറയുന്നു (1 തിമോ, 3:4,5; തീത്തോസ് 1:6). നമ്മെ വീട്ടിൽ എപ്പോഴും കാണുന്നതുകൊണ്ട് നമ്മുടെ കുട്ടികൾക്കാണു നമ്മെ ഏറ്റവും നന്നായി അറിയാവുന്നത്. നാം വീട്ടിൽ ദൈവഭക്തിയുള്ള ജീവിതം ജീവിക്കുന്നത് അവർ കണ്ടാൽ അവരും പൂർണ ഹൃദയത്തോടെ കർത്താവിനെ പിൻപറ്റും. തന്റെ കുഞ്ഞുങ്ങളെ ദൈവഭക്തരും താഴ്മയുള്ളവരും എല്ലാ ആളുകളെയും ബഹുമാനിക്കുന്നവരുമായി വളർത്തിയ പ്രസംഗകരെയാണു ഞാൻ അനുഗമിക്കുക.

5. അദ്ദേഹം ദൈവത്തിന്റെ മുഴുവൻ ആലോചനയും ഭയമില്ലാതെ പ്രസംഗിക്കുന്നവനായിരിക്കണം.

പുതിയ നിയമത്തിൽ എഴുതിയിരിക്കുന്നതെല്ലാം - ഓരോ കല്പനയും ഓരോ വാഗ്ദാനവും - ആളുകളെ പ്രസാദിപ്പിക്കാൻ നോക്കാതെ

പ്രസംഗിക്കുന്നവനായിരിക്കണം അദ്ദേഹം (പ്രവൃത്തി 20:27;ഗലാത്യ. 1:10). പരിശുദ്ധാത്മാവിനാൽ യഥാർത്ഥത്തിൽ നിരന്തരം അഭിഷിക്തനാണെങ്കിൽ, യേശുവിനേയും പൗലൊസിനേയും പോലെ, അദ്ദേഹത്തിന്റെ സന്ദേശങ്ങൾ എപ്പോഴും വെല്ലുവിളിക്കുന്നതും ധൈര്യപ്പെടുന്നതുമായിരിക്കും. സംസാരിക്കുമ്പോൾ ദൈവത്തിന്റെ അഭിഷേകം അവരിലുണ്ടെന്നു തിരിച്ചറിയാൻ കഴിയുന്ന ഇത്തരം പ്രസംഗകരെയാണു ഞാൻ അനുഗമിക്കുന്നത്.

6. ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രത്യക്ഷതയെന്ന നിലയിൽ പ്രാദേശിക സഭകൾ പണിയാൻ അദ്ദേഹത്തിനു താത്പര്യം ഉണ്ടായിരിക്കണം.

ആളുകളെ പാപത്തിൽ നിന്നു രക്ഷിക്കുവാൻ മാത്രമല്ല, ഒരു ശരീരമെന്ന നിലയിൽ തന്റെ ജീവിതത്തെ പ്രദർശിപ്പിക്കുന്ന സഭ പണിയുവാനുമാണ് യേശു ഭൂമിയിൽ വന്നത്. (മത്തായി. 16:18). അതുകൊണ്ട് ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ പ്രവർത്തിക്കുന്ന (എഫേസ്യ. 4:15,16) പ്രാദേശികസഭകൾ എല്ലായിടത്തും കെട്ടിപ്പണിയണമെന്നായിരുന്നു പൗലൊസിന്റെ ഹൃദയവാഞ്ഛ. അന്ത്യത്തോളം അവൻ കഠിനമായി പരിശ്രമിച്ചു (കൊലോ. 1:28,29) ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സദാ പ്രവർത്തനക്ഷമമായ പ്രാദേശിക സഭകൾ കെട്ടിപ്പണിയുവാൻ ശ്രമിക്കുന്ന പ്രസംഗകരെ പിൻതുടരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

7. തന്റെ വീക്ഷണവും ആത്മാവുമുള്ള ചില സഹപ്രവർത്തകരെയെങ്കിലും വളർത്തിയെടുക്കുന്നവനായിരിക്കണം അദ്ദേഹം.

അടുത്ത തലമുറയിലും കർത്താവിന്റെ സാക്ഷ്യം അതിന്റെ നിർമലതയിൽ സൂക്ഷിക്കുവാൻ ദൈവഭക്തനായ പ്രസംഗകൻ തല്പനായിരിക്കും. തന്റെ ആത്മാവിനെ ഉൾക്കൊണ്ട് തന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുന്ന 11 ശിഷ്യന്മാരെ യേശു വളർത്തിയെടുത്തു. പൗലൊസാകട്ടെ, തന്റെ താഴ്മയുടേയും നിസ്വാർത്ഥതയുടേയും ആത്മാവ് ഉൾക്കൊണ്ട തിമൊഥെയോസ്, തീത്തോസ് എന്നിവരെ ഉയർത്തിക്കൊണ്ടുവന്നു (ഫിലി 2:19-21; 2 കൊരി. 7:13-15) . മുകളിൽ പറഞ്ഞ ഗുണങ്ങളുള്ള ചുരുക്കം സഹപ്രവർത്തകരെയെങ്കിലും വളർത്തിയെടുത്ത പ്രസംഗകരെയാണ് ഞാൻ പിൻതുടരുന്നത്.

ദൈവം നിങ്ങളെ ഒരു പ്രസംഗകനായി വിളിച്ചുണ്ടെങ്കിൽ അവിടുന്ന് തന്റെ ആത്മാവിനാൽ നിങ്ങളെ നിരന്തരം അഭിഷേകം ചെയ്യുവാനും മുകളിൽ പറഞ്ഞ എല്ലാം ഗുണങ്ങളും ഉള്ളവനായിരിക്കുവാനും പ്രാർത്ഥിക്കുക. അങ്ങനെയാകുമ്പോൾ മറ്റുള്ളവർക്കു പിൻപറ്റുവാൻ ഒരു മാതൃകയായി മാറുവാൻ നിങ്ങൾക്കും കഴിയും.

ക്രിസ്തീയ ലോകത്ത് ഒത്തുതീർപ്പും ലോകമയത്വവും നടമാടുന്ന ഇന്ന് ജീവിതത്തിന്റെയും ശുശ്രൂഷയുടേയും നിലവാരം സഭയിൽ ഉന്നതമായി സൂക്ഷിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഇതു ചെയ്യുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ. ആമേൻ!

❖



**തിരുവെഴുത്തുകളെ പരിശോധിക്കുക**

*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നം

**നാം** അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം എന്താണ്? തങ്ങളുടെ സാമ്പത്തിക പ്രശ്നമാണ് ഏറ്റവും വലുതെന്നു ചിലർ കരുതുന്നു. എന്നാൽ പലരും സാമ്പത്തിക പ്രശ്നമെന്നു വിളിക്കുന്ന പ്രശ്നംപോലും മോഹത്തിന്റെ ഫലമാണ്. തങ്ങളേക്കാൾ മെച്ചപ്പെട്ട നിലവാരത്തിൽ ജീവിക്കുന്നവരോടു തങ്ങളെത്തന്നെ താരതമ്യം ചെയ്തുകൊണ്ട് അസൂയയിൽ മുഴുകുകയും ചെയ്യുന്നു. ഇതേ സമയം തങ്ങളെക്കാൾ താഴ്ന്ന നിലവാരത്തിലുള്ളവരോടു തങ്ങളെത്തന്നെ താരതമ്യം ചെയ്താൽ അവർ സംതൃപ്തരും നന്ദിയുള്ളവരുമായിത്തീരും. തങ്ങളുടെ 'സാമ്പത്തിക ബുദ്ധിമുട്ടുകൾ' അപ്രത്യക്ഷമാവുകയും ചെയ്യും. ഒരു ടൂത്ത് പേസ്റ്റ് വാങ്ങുവാൻ പോലും പണമില്ലാതിരുന്ന ഒരു മിഷനറിയെക്കുറിച്ചു ഞാൻ വായിച്ചതോർക്കുന്നു. ആ നാളുകളിൽ ടൂത്ത്പേസ്റ്റില്ലാതെ പല്ലുതേക്കുന്നതെങ്ങനെയെന്ന് അദ്ദേഹം കണ്ടെത്തി. ഒരു പ്രത്യേക ജീവിതനിലവാരം നാം ശീലിക്കുകയും അതു സാധ്യമാകാതെ വരുമ്പോൾ നാം നമ്മെ ദരിദ്രരെന്നു വിലയിരുത്തുകയും ചെയ്യുന്നു. ദൈവത്തെ അന്വേഷിക്കുന്ന ഒരുവൻ ഇത്തരം കാര്യങ്ങളെക്കുറിച്ച് ഒരിക്കലും ഭാരപ്പെടുകയില്ല. ഇന്ത്യയിലെ ഭൂരിപക്ഷം ആളുകളും ഉപ്പോ, കരിപ്പൊടിയോ വിരലിൽ തൊട്ടാണ് പല്ലുതേക്കുന്നത്.

ദൈവഭക്തിയെ പിന്തുടരുന്നവന്റെ യഥാർഥ ഭാരം 'പാപത്തിന്റെ ശക്തിയെ എങ്ങനെ തോല്പിക്കാം' എന്നതായിരിക്കും.

എബ്രായർ 4:15 ൽ യേശു നമ്മെപ്പോലെ സകലത്തിലും പരീക്ഷിതനായി എന്നു നാം വായിക്കുന്നു. അതുകൊണ്ടുതന്നെയാണ് അവിടുത്തേക്കു നമ്മോടു സഹതാപം കാണിക്കുവാൻ കഴിയുന്നത്. എല്ലാ പരീക്ഷകളുടെയും പ്രലോഭനങ്ങളുടെയും സമ്മർദ്ദം നമ്മെപ്പോലെ തന്നെ അവിടുന്നും അനുഭവിച്ചു. അല്ലെങ്കിൽ "സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടു" എന്ന പ്രയോഗം ഇവിടെ ഉണ്ടാകുമായിരുന്നില്ല. സാത്താൻ തന്നെ പരീക്ഷിക്കുമ്പോൾ അതിലേക്കുള്ള ആകർഷണശക്തി, അതിന്റെ വലിവ്, താൻ അനുഭവിച്ചു. എങ്കിലും അപ്പോൾത്തന്നെ "വേണ്ട" എന്നു നിരസിച്ചു. ആ വലിവുണ്ടായിരുന്നില്ലെങ്കിൽ

അതിനെ നമുക്കു പരീക്ഷ എന്നോ പ്രലോഭനമെന്നോ വിളിച്ചുകൂടാ. പരീക്ഷ വടംവലി മത്സരം പോലെയാണ്. വടത്തിനിരു തലയ്ക്കലും രണ്ടുകൂട്ടം കളിക്കാർ തങ്ങളുടെ വശത്തേക്കു ആഞ്ഞു വലിക്കുന്നു. നിങ്ങൾ വിശുദ്ധജീവിതത്തിലേക്കു വലിക്കുമ്പോൾ എതിർദിശയിലേക്കുള്ള പിടുത്തം നിങ്ങൾക്ക് അനുഭവമാകും. അതിനെയാണു നാം 'പരീക്ഷ' എന്നു വിളിക്കുക. നമ്മുടെ വശത്തേക്കു നാം വലിക്കുന്നില്ലെങ്കിൽ അവിടെ വടംവലിയില്ല. ഇപ്രകാരമുള്ള ഒരു വലിയുടെ പിടുത്തവും സമ്മർദ്ദവും യേശുവിന് ഉണ്ടായിട്ടില്ലെങ്കിൽ നമ്മെപ്പോലെ അവിടുന്നു പരീക്ഷിക്കപ്പെട്ടില്ല എന്നു നമുക്കു പറയേണ്ടിവരും. അങ്ങനെ വരുമ്പോൾ മത്തായി 4:1 ലും ലൂക്കോസ് 4:2 ലും 'യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു' എന്നും എബ്രായർ 4:15 ൽ 'അവൻ സകലത്തിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു' എന്നും ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതു കളവാണെന്നു നമുക്കു പറയേണ്ടി വരും.

"പരീക്ഷ" എന്ന പദം ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നതു പാപം ചെയ്യുവാനുള്ള പരീക്ഷയെ ഉദ്ദേശിച്ചാണ്. സാധാരണ നിലയിലുള്ള നമ്മുടെ ആഗ്രഹങ്ങളെ - ക്ഷീണിക്കുമ്പോൾ ഉറങ്ങുവാനുള്ള ആഗ്രഹം മുതലായവ-ഉദ്ദേശിച്ചല്ല. നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു എന്നു പറയുന്നതിന്റെ അർത്ഥവും അതല്ല. നമ്മെപ്പോലെ പാപം ചെയ്യുവാനുള്ള പരീക്ഷ തനിക്കുമുണ്ടായി എങ്കിലും പാപം ചെയ്തില്ല. അക്കാര്യത്തിൽ അവിടുന്നു നമുക്കു മാതൃകയാണോ? അതെ, തീർച്ചയായും അതെ. എബ്രായർ 2:17 -ൽ 'താൻ സകലത്തിലും നമുക്കു സദൃശനായിരുന്നു' എന്നതു നാം കണ്ടല്ലോ. ഒരു ദൂതനെപ്പോലെ ചിറകുകളോടു കൂടിയായിരുന്നില്ല അവിടുന്നു വന്നത് - വായുവിലൂടെയും വെള്ളത്തിന്റെ പരപ്പിലൂടെയും ഊളിയിട്ടു പോകുവാൻ തക്കവണ്ണം നമ്മെ നീന്തൽ പഠിപ്പിക്കുവാൻ ചിറകുകളുള്ള ഒരു മാലാഖയെപ്പോലെയല്ല താൻ വന്നത്. ചിറകുകളില്ലാതെയാണു താൻ വന്നത്. യേശു വെള്ളത്തിന്മേൽ നടക്കുമ്പോൾ ഗുരുത്വാകർഷണ ബലത്തെ ഭേദിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഒരു ദൂതൻ വെള്ളത്തിന്റെ പരപ്പിലൂടെ നടന്നങ്ങു പോയാൽ അതൊരു അത്ഭുതമല്ല. എന്നാൽ യേശു ചെയ്തത് ഒരു അത്ഭുതമായിരുന്നു. കാരണം തനിക്കു ഗുരുത്വാകർഷണ ബലത്തെ മറികടക്കേണ്ടതുണ്ടായിരുന്നു. വെള്ളത്തിന്മേൽ നടക്കുവാൻ യേശു പത്രോസിന് അനുവാദം കൊടുക്കുമ്പോൾ അവനും അതു സാദ്ധ്യമാണെന്ന സത്യം അവിടുന്നു വെളിപ്പെടുത്തുകയായിരുന്നു- തന്നിൽ ആശ്രയിക്കുന്നു എങ്കിൽ. നമ്മുടെ സ്വർഗ്ഗീയ പിതാവു തന്റെ മൂത്ത മകനോടു മാത്രമായി മുഖപക്ഷം കാണിക്കുന്ന ആളല്ല. യേശുവിനു വേണ്ടി ചെയ്തതൊക്കെയും നാം തന്നിൽ ആശ്രയിക്കുന്നു എങ്കിൽ നമുക്കും അവിടുന്നു നൽകിത്തരും.

യേശു എല്ലാ മേഖലയിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു എങ്കിലും പാപം ചെയ്തില്ല. ഇതിൽ താൻ നമുക്ക് ഒരു മാതൃകയാണ്. നാമും പരീക്ഷിക്കപ്പെടുമ്പോൾ നമുക്ക് ഇപ്രകാരം കർത്താവിനോടു പറയാം. "കർത്താവേ അങ്ങു നസറേത്തിൽ ജീവിച്ചിരുന്നപ്പോൾ ഞാൻ

പരീക്ഷിതനാകുന്നതുപോലെ അങ്ങും പരീക്ഷിക്കപ്പെട്ടിരുന്നുവല്ലോ. അങ്ങു പ്രതികരിച്ചതുപോലെ പ്രതികരിക്കുവാൻ എന്നെ സഹായിക്കേണമേ''. നിങ്ങൾക്കു കോപത്തോടെ പ്രതികരിക്കുവാനോ നിരാശപ്പെടുവാനോ ഉള്ള സ്വാഭാവിക പ്രേരണയുണ്ടോ? അങ്ങനെയൊക്കെ ചെയ്യുവാനുള്ള പ്രേരണ യേശുവിനും ഉണ്ടായിരുന്നു. എങ്കിലും അവിടുന്ന് അവയെ ജയിച്ചു. പാപം ചെയ്തില്ല. അതുകൊണ്ടു നിങ്ങളും ആ മാതൃകയെ നോക്കിക്കൊണ്ട് ''കർത്താവേ എനിക്ക് അങ്ങയെ അനുഗമിക്കുവാൻ ആഗ്രഹമുണ്ട്'' എന്നു കർത്താവിനോടു പറയുക. അവിടുന്ന് അപ്രകാരം ജീവിച്ചതു പരിശുദ്ധാത്മശക്തിയാലാണ്. അതുകൊണ്ടു യേശുവിനെപ്പോലെ ജീവിക്കുവാൻ നാം ആഗ്രഹിക്കുന്നു എങ്കിൽ പരിശുദ്ധാത്മശക്തിക്കുവേണ്ടി നാമും അന്വേഷിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് 4:16-ൽ തത്സമയത്തു കൃപപ്രാപിക്കുവാനായി നാം കൃപാസനത്തോടടുത്തു ചെല്ലുകയെന്നു പറഞ്ഞിരിക്കുന്നത്. അവിടെ ആ വാക്യത്തിന്റെ തുടക്കത്തിൽ ''അതുകൊണ്ട്'' എന്നൊരു പ്രയോഗം ശ്രദ്ധിക്കുക. അതിന്റെ തൊട്ടു മുമ്പുള്ള വാക്യത്തിന്റെ പശ്ചാത്തലത്തിലാണ് ഇതു പറഞ്ഞിരിക്കുന്നതെന്നർത്ഥം. അവിടെ യേശുവും നമുക്കു തുല്യമായി സകലത്തിലും പരീക്ഷിക്കപ്പെട്ടു എങ്കിലും പാപം ചെയ്യുന്നതിൽ നിന്നും ഒഴിഞ്ഞു നിന്നു എന്നും പറഞ്ഞിരിക്കുന്നു. അതുകൊണ്ടു നമുക്കും പരീക്ഷകളുടെ വേളയിൽ കൃപാസനത്തിനടുത്തേക്ക് ഓടിച്ചെല്ലുവാനും യേശു തന്റെ ജീവിതകാലത്ത് ഓടിച്ചെന്നു കൃപ പ്രാപിച്ചതുപോലെ പ്രാപിക്കുവാനും പാപത്തെ ജയിക്കുവാനും കഴിയും എന്നതാണു സത്യം.

4:16 -ൽ കരുണയെക്കുറിച്ചും കൃപയെക്കുറിച്ചും പറഞ്ഞിരിക്കുന്നു. കരുണയ്ക്കും കൃപയ്ക്കും തമ്മിൽ വ്യത്യാസമുണ്ട്. കരുണ നാം ചെയ്തുകഴിഞ്ഞ പ്രവൃത്തികളോടുള്ള ബന്ധത്തിലുള്ള ഒന്നാണ്. എന്നാൽ കൃപ ചെയ്യുവാനിരിക്കുന്ന പ്രവൃത്തികളോടുള്ള ബന്ധത്തിലുള്ളതാണ്. നാം ചെയ്തുപോയ പാപങ്ങളെ സംബന്ധിച്ചു നമുക്കു കരുണ ലഭിച്ചേ മതിയാകൂ. എന്നാൽ നാം ചെയ്വാനിരിക്കുന്ന പാപങ്ങളുടെ മേൽ ജയം നേടുവാൻ നമുക്കു കൃപ ലഭിക്കണം. പഴയ ഉടമ്പടിയിൽ അവർക്കു കരുണ മാത്രമേ ലഭിച്ചിരുന്നുള്ളു. കൃപ പുതിയ ഉടമ്പടിയിലേക്കു കടന്നു വന്നത് യേശുക്രിസ്തുവിലൂടെയാണ് (യോഹ.1:17). യേശുവിനു കരുണ ആവശ്യമായിരുന്നില്ല. കാരണം താൻ പാപം ചെയ്തിട്ടില്ല. എന്നാൽ നമുക്കു കരുണയും കൃപയും രണ്ടും ആവശ്യമായിരിക്കുന്നു.

4:14-ൽ പറയുന്ന ''തത്സമയം'' അഥവാ സഹായം ആവശ്യമുള്ള അവസരം ഏതാണ്? അതു നാം പരീക്ഷിക്കപ്പെടുന്ന സമയമാണ്. നിങ്ങൾ ഒരു പർവ്വതം കയറുമ്പോൾ കാൽ വഴുതി ഒരു പാറക്കെട്ടിൽ കഷ്ടിച്ചു പിടുത്തം കിട്ടി അങ്ങനെ തൂങ്ങിക്കിടക്കുകയാണെന്നു കുതുക. അധിക സമയം അങ്ങനെ കിടക്കുവാൻ കഴിയുകയില്ല. നിങ്ങളുടെ വിരലുകൾ തളരുകയും നിങ്ങൾ പിടിവിട്ടു താഴെയുള്ള പാറക്കെട്ടിലേക്കു വീഴുകയും അസ്ഥികൾ പൊട്ടിപ്പോവുകയും ചെയ്യുന്നു എന്നു സങ്കല്പിക്കുക. അപ്പോൾ നിങ്ങൾ സഹായത്തിനായി നിലവിളിക്കുന്നു. ഒരു ആംബുലൻസ് പാഞ്ഞുവന്ന് നിങ്ങളെ

ആശുപത്രിയിലെത്തിക്കുകയും പൊട്ടിപ്പോയ അസ്ഥികളെ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. അതിനെയാണു നാം 'കരുണ' എന്നു വിളിക്കുന്നത്. എന്നാൽ നിങ്ങൾ വീഴുന്നതിനു മുമ്പെ തന്നെ നിലവിളിക്കുകയും മുകളിൽ നിൽക്കുന്നയാൾ നിങ്ങളെ മുകളിലേക്കു കയറാൻ സഹായിക്കുകയും നിങ്ങൾ കയറി പാറയുടെ മുകളിൽ സ്ഥാനമുറപ്പിക്കുകയും ചെയ്യുന്നു. അതിനെ നാം 'കൃപ' എന്നു വിളിക്കുന്നു. നിങ്ങൾക്ക് യഥാർത്ഥമായും സഹായം ആവശ്യമുള്ളതു വീഴുന്നതിനു മുമ്പാണ്. വീണശേഷം നിലവിളിക്കുന്നത് രണ്ടാമതു പരിഗണിക്കേണ്ട വിഷയങ്ങളിൽപ്പെട്ട ഒരു കാര്യം മാത്രമാണ്. ഒന്നാമത്തെ പരിഗണന നൽകേണ്ട വിഷയം വീഴുന്നതിനു മുമ്പുള്ള സഹായാഭ്യർത്ഥന തന്നെയാണ്. പരിശുദ്ധാത്മാവ് കൃപയുടെ ആത്മാവാണ്. 'സഹായി' എന്നും വിളിക്കുന്നു. വീഴുന്നതിനു മുമ്പെ കാൽ വഴുതുമ്പോൾത്തന്നെ സഹായിക്കുവാൻ അവിടുത്തേക്കു കഴിയും.

അധികം ക്രിസ്ത്യാനികളും പാപത്തിൽ വീണശേഷം കരുണയ്ക്കായി നിലവിളിക്കുന്നവരാണ്. അവർ വീണശേഷം ദൈവത്തോടു ക്ഷമ യാചിക്കുന്നു. അവർ വീണ്ടും പർവ്വതത്തിൽ കയറാനാരംഭിക്കുന്നു. വീണ്ടും കാൽ വഴുതുകയും വീഴുകയും ചെയ്യുന്നു. നിലവിളിക്കയും ആംബുലൻസ് വന്ന് രക്ഷിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ജീവിതമല്ല ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നത്. അടുത്ത പ്രാവശ്യം കോപത്തിലേക്കോ ലൈംഗിക മോഹങ്ങളിലേക്കോ നിങ്ങൾ വഴുതിവീഴുവാൻ തുടങ്ങുമ്പോൾ "കർത്താവേ എന്നെ രക്ഷിക്കേണമേ" എന്നു നിലവിളിച്ചാൽ തീർച്ചയായും നിങ്ങളെ അത്ഭുതപ്പെടുത്തുന്ന വിധത്തിൽ വീഴാതിരിക്കുവാൻ ദൈവം സഹായിക്കുന്നതു കാണുവാൻ കഴിയും. ദൈവകൃപ നിങ്ങളെ താങ്ങിനിർത്തും. "നിങ്ങൾ കൃപയ്ക്കധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ല" (റോമർ 6:14).

5:1-ൽ യേശു നമ്മുടെ മഹാപുരോഹിതനെന്നും കാണുന്നു. അഹരോനെ വിളിച്ചതുപോലെ ദൈവം വിളിച്ചിട്ടല്ലാതെ യിസ്രായേലിൽ ആർക്കും മഹാപുരോഹിതൻ എന്ന സ്ഥാനം സ്വയം ഏറ്റെടുക്കാൻ കഴിയില്ല. (5:4). അതു പോലെ യേശുവും മഹാപുരോഹിതസ്ഥാനം സ്വയം എടുത്തതല്ല. സ്വർഗ്ഗത്തിൽ 4000 വർഷം കാത്തിരുന്നശേഷം കാലം തികഞ്ഞപ്പോൾ പിതാവു തന്നെ നിയമിച്ചു ഭൂമിയിലേക്കയച്ചു. (ഗലാത്യർ 4:4).

ആ 4000 വർഷവും ഈ ഭൂമിയിൽ അതിന്നാവശ്യം ഉണ്ടായിരുന്നില്ലേ? നാമായിരുന്നു ദൈവത്തിന്റെ സ്ഥാനത്തെങ്കിൽ ആദം പാപം ചെയ്തതിന്റെ പിറ്റെ ദിവസം തന്നെ യേശുവിനെ ഭൂമിയിലേക്കയയ്ക്കുമായിരുന്നു. എന്നാൽ ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ല. ഒരാവശ്യം കാണുന്നിടത്ത് നാം വളരെ വേഗത്തിൽ പ്രവർത്തിക്കും. എന്നാൽ ദൈവം 4000 വർഷം കാത്തിരുന്നു. യേശു ഭൂമിയിൽ വന്ന ശേഷവും മുപ്പതു വർഷം പരസ്യശുശ്രൂഷയിലേക്കിറങ്ങുവാൻ വേണ്ടി താൻ കാത്തിരുന്നു. ആവശ്യം കണ്ട് എടുത്തുചാടി തീരുമാനമെടുക്കുന്ന ആളായിരുന്നില്ല യേശു. ആവശ്യത്തെക്കുറിച്ചു താൻ ഭാരപ്പെട്ടിരുന്നു. എന്നാൽ

"പോക" എന്നു പിതാവ് കല്പിച്ച പ്പോൾ മാത്രമാണു താൻ പുറപ്പെട്ട ത്. മൂന്നര വർഷം കൊണ്ടു പിതാവു ഭരമേല്പിച്ച ശുശ്രൂഷ നിവർത്തിച്ചു. തന്റെ മുമ്പിൽ ക്കണ്ട ഓരോ ആവ ശ്യത്തിന്റേയും പിന്നാ ലെ താൻ ഓടിയില്ല. അതുകൊണ്ട് ഒടുവിൽ യേശുവിന് ഇപ്രകാരം പറയുവാൻ കഴിഞ്ഞു. "പിതാവു എനിക്കു തന്ന പ്രവൃത്തി ഞാൻ തികെച്ചിരിക്കു ന്നു.'' (യോഹ. 17:4) അധികം ക്രിസ്ത്യാനികൾക്കും ഇങ്ങ നെ പറ യുവാൻ കഴിയുകയില്ല. കാരണം അവർ ദൈവവിളിയോടല്ല പ്രതികരി ച്ചത്; മുമ്പിൽ കണ്ട ഒട്ടേറെ ആവ ശ്യങ്ങളോടാണ്.

എന്റെ ക്രിസ്തീയ ജീവിത ത്തിന്റെ പ്രാരംഭവേളയിൽ ഞാൻ പഠിച്ച ഒരു സത്യം ഇതായിരുന്നു. "ആവശ്യങ്ങളെ സശ്രദ്ധം മനസ്സിലാ ക്കുക. എന്നാൽ ദൈവം അയയ്ക്കു ന്നിടത്തേക്കു മാത്രം ദൈവം പറ യുന്ന സമയത്തു പോവുക". നാം കണ്ണുകൾ ഉയർത്തി കൊയ്ത്തിനെ കാണണം. എന്നാൽ നാം പ്രവർത്തി ക്കുന്നതു ദൈവഹിതം മാത്രം (യോ ഹ. 4:34,35). തന്നെ അയ യ്ക്കുന്നതു വരെ യേശു വിനു പോലും കാത്തി രിക്കേണ്ടി വന്നു.

**യേശു അനു സരണം പഠിച്ചു**

5:7 ൽ നാം യേശു പ്രാർത്ഥി ച്ചിരുന്നതിനെക്കു റിച്ച് ഇപ്രകാരം വായിക്കുന്നു ''യേശു തന്റെ ഐഹിക ജീവ കാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷി പ്പാൻ കഴിയുന്ന വനോട് ഉറച്ച നിലവിളിയോടും കണ്ണീരോടും കൂടെ അപേ ക്ഷയും അഭയ യാചനയും കഴി ച്ചു." ഇതു അവ

*(ശേഷം പേജ് 37 ൽ)*


Form IV (See Rule 8)
STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT

**JEEVAMOZHIKAL**

| | | |
|---|---|---|
| 1. Place of Publication | : | KOTTAYAM |
| 2. Periodicity | : | MONTHLY |
| 3. Printer's Name | : | SUNNY VARGHESE |
| Whether Citizen of India | : | Yes |
| Address | : | Pemalavadakethil<br>Ettumanoor P.O., Kottayam - 686 631 |
| 4. Publisher's Name | : | Sunny Varghese |
| Whether Citizen of India | : | Yes |
| Address | : | Pemalavadakethil<br>Ettumanoor P.O., Kottayam - 686 631 |
| 5. Editor's Name | : | Geoji T. Samuel |
| Whether Citizen of India | : | Yes |
| Address | : | "Ardram"<br>C.A.C. Campus, Kumaranalloor P.O.<br>Kottayam - 16 |

6. Name address of the firm, who owns the News paper & holding more than one percent of the total capital.

Christian Fellowship Trust, Kottyam - 16

I, SUNNY VARGHESE hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

# നീതീകരണവും വിശുദ്ധീകരണവും

*(പേജ് 10 ൽ നിന്ന് തുടർച്ച)*

നമുക്കു കഴിയും.

യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ ഈ വ്യത്യാസം വിശദമാക്കുന്നുണ്ട്. “പാപം ചെയ്യുന്നവൻ ( അതായതു ബോധപൂർവം പാപം ചെയ്തുകൊണ്ടേയിരിക്കുന്നവൻ) പിശാചിന്റെ മകനാകുന്നു” എന്ന് അദ്ദേഹം പറയുന്നു (യോഹ. 3:8). മറുവശത്ത് അദ്ദേഹം വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് “ ഒരുവൻ പാപം ചെയ്യുന്നുവെങ്കിൽ (അതായത് ഒരുവൻ അബദ്ധവശാൽ പാപത്തിൽ വീണുപോകുന്നുവെങ്കിൽ) നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കലുണ്ട്; അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു” എന്നും എഴുതിയിരിക്കുന്നു (1 യോഹ. 2:1,2)

**ബോധപൂർവവും അബോധപൂർവവുമായ പാപം**

ഇതുപോലെ പാപത്തിൽ വീഴുന്നതും പാപം നമ്മിൽ ഉണ്ടായിരിക്കുന്നതും തമ്മിലും ഒരു വ്യത്യാസം ഉണ്ട്. പാപം നമ്മിൽ ഉണ്ടായിരിക്കുക എന്നു വച്ചാൽ നമ്മുടെ വ്യക്തിത്വത്തിൽ അബോധപൂർവമായ പാപം കുടികൊള്ളുക എന്നാണ് അതിനർത്ഥം. ഈ പാപത്തെപ്പറ്റി നമുക്കു തന്നെ അറിവുണ്ടായിരിക്കയില്ല. എങ്കിലും നമ്മെക്കാൾ കൂടുതൽ പക്വത പ്രാപിച്ച മറ്റുള്ളവർക്ക് അതു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ഈ അബോധപൂർവമായ പാപം നമ്മിൽ ഒരിക്കലും കുറ്റബോധം ജനിപ്പിക്കേണ്ട ആവശ്യമില്ല. എന്തെന്നാൽ ന്യായപ്രമാണമില്ലാത്തിടത്തു പാപത്തെ കണക്കിടുന്നില്ല എന്നു ദൈവവചനം പറയുന്നു (റോമർ. 5:13). (നമ്മുടെ ബോധമനസ്സിൽ പാപത്തെക്കുറിച്ചുള്ള ബോധ്യം ഇല്ലാതിരിക്കുമ്പോൾ ദൈവം നമുക്കു പാപം കണക്കിടുന്നില്ല എന്നുകൂടി ഇതിനർത്ഥമുണ്ട്.)

എങ്കിലും നാം വെളിച്ചത്തിൽ നടക്കുന്നവരാണെങ്കിൽ, ക്രമേണ കുറഞ്ഞുകുറഞ്ഞുവരുന്ന ഒരളവിൽ നമ്മിൽ അബോധപൂർവമായ പാപം ഉണ്ടായിരിക്കും. ഇതു നിമിത്തമാണു യോഹന്നാൻ അപ്പോസ്തലൻ “നമുക്കു പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി” എന്നു പറയുന്നത് (1 യോഹ. 1:8). തന്നിൽ പാപമില്ല എന്നു പറയുന്ന ഒരുവൻ യഥാർത്ഥത്തിൽ താൻ ക്രിസ്തുവിനെപ്പോലെ പൂർണ്ണനായി എന്ന് അവകാശപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ ക്രിസ്തു നമ്മെ ചേർക്കുവാൻ വരുമ്പോൾ നാം അവനെപ്പോലെയാകും. അതിനുമുമ്പ് ആകുകയില്ല എന്നാണു ദൈവവചനം പറയുന്നത് ( 1 യോഹ. 3:2). തന്മൂലം ഇപ്പോൾ തന്നെ പൂർണ്ണരായി എന്നവകാശപ്പെടുന്നവർ തങ്ങളെത്തന്നെ വഞ്ചിക്കുന്നവരാണ്.

എങ്കിലും അബോധപൂർവമായ പാപത്തിൽനിന്നും നാം ശുദ്ധീകരിക്കപ്പെടേണ്ടതാവശ്യമാണ്. നാം വെളിച്ചത്തിൽ നടക്കുമ്പോൾ യേശുവിന്റെ രക്തം സകല അബോധപൂർവമായ പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും (1 യോഹ. 1:7).

അതിനാൽ അപരിമേയമായ വിധം വിശുദ്ധനായ ഒരു ദൈവത്തിന്റെ മുമ്പിൽ യാതൊരു ഭയവും കൂടാതെ ധൈര്യത്തോടെ നിൽക്കുവാൻ ഇപ്പോൾ നമുക്കു കഴിയും. ക്രിസ്തുവിന്റെ രക്തത്തിനു നമ്മെ ശുദ്ധീകരിക്കുവാനുള്ള ശക്തി അത്ര മാത്രമാണ്. ഹല്ലേലുയ്യാ!

**കരുണയും കൃപയും**

"നമുക്കു സഹായം ആവശ്യമായിരിക്കുന്ന സമയത്തു കരുണയും കൃപയും കണ്ടെത്തുവാനായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക" എന്നു ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു (എബ്രാ. 4:16). കരുണയും കൃപയും ഒന്നല്ല. കരുണ പാപക്ഷമയെ സംബന്ധിക്കുന്നതാണ്. അതു നമുക്കാവശ്യം തന്നെ. എന്നാൽ അതിനുപുറമേ ഭാവിയിലുണ്ടാകുന്ന ആവശ്യസന്ദർഭങ്ങളിൽ കൃപയും നമുക്കു വേണ്ടിയിരിക്കുന്നു.

നമുക്കു സഹായമാവശ്യമായ സന്ദർഭം, നാം പരീക്ഷിക്കപ്പെടുമ്പോൾ, നാം വീഴുവാനാരംഭിക്കുന്ന അതേ സമയത്തുതന്നെയാണ്. പത്രോസ് ഗലീലക്കടലിൽ താണുപോകുവാനാരംഭിച്ച സമയം അദ്ദേഹത്തിന്റെ ആവശ്യസമയമായിരുന്നതുപോലെയാണിത്. (മത്താ. 14:30). കൃപയ്ക്കുവേണ്ടി നാം നിലവിളിക്കേണ്ട സമയം അപ്പോഴാണ്. പത്രോസ് താണുപോകാതെ അദ്ദേഹത്തെ പിടിച്ചുകൊള്ളുവാൻ കർത്താവ് ഉടനെ കൈനീട്ടിയതുപോലെ നമുക്കും വീണുപോകാതിരിക്കുവാനുള്ള കൃപ ലഭിക്കുമെന്ന് അപ്പോൾ നമുക്ക് ബോധ്യമാകും.

വീണുപോകാതെ ദൈവം നമ്മെ സൂക്ഷിച്ചുകൊള്ളുമെന്ന് ഉറപ്പു നൽകുന്ന അദ്ഭുതകരമായ വാഗ്ദാനങ്ങൾ ദൈവവചനത്തിലുണ്ട്. അവയിൽച്ചിലതു നോക്കുക:

ആദ്യമായി ദൈവം നൽകിയിട്ടുള്ള ഒരു വാഗ്ദാനം ഇതാണ്. നമുക്ക് അതി ജീവിക്കുവാൻ കഴിയാത്തവിധം അത്ര ശക്തിയേറിയ പരീക്ഷകൾ നമ്മെ നേരിടുവാൻ ഒരിക്കലും ദൈവം അനുവദിക്കുകയില്ല. "ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനുമീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാകും " (1 കൊരി. 10:13).

ദൈവവചനം നൽകുന്ന മറ്റൊരു ഉറപ്പു നോക്കുക. "വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവൻ" ആണ് ദൈവം (യൂദാ 24).

ഇപ്രകാരം തന്റെ വചനത്തിലൂടെ ദൈവം നമുക്കു നൽകിയിട്ടുള്ള അദ്ഭുതകരമായ വേറെയും വാഗ്ദത്തങ്ങൾ ഉണ്ട്. ഇവയുടെയെല്ലാം വെളിച്ചത്തിൽ നോക്കിയാൽ മേലാലൊരിക്കലും നമുക്കു പാപം ചേയ്യേണ്ട ആവശ്യമില്ല. 1 പത്രോ. 4:2-ൽ പറയുന്നതുപോലെ മേലാൽ ദൈവഹിതം മാത്രം നിറവേറ്റുമാറു ജീവിതം നയിക്കുവാൻ നമുക്കു കഴിയും.

**ക്രമപ്രവൃദ്ധമായ വിശുദ്ധീകരണം**

താൻ കല്പിച്ചതൊക്കെയും അനുസരിക്കുമാറ് മറ്റുള്ളവരെ പഠിപ്പിക്കുവാൻ യേശു തന്റെ ശിഷ്യന്മാരോട് ആജ്ഞാപിച്ചു (മത്താ. 28:20). കർത്താവിനെ സ്നേഹിക്കുന്ന ഒരുവൻ ആദ്യം തന്നെ ഈ കല്പനകൾ ഏതെല്ലാമാണെന്നു കണ്ടുപിടിക്കു

വാൻ ശ്രമിക്കുകയും ചെയ്യും (യോഹ. 14:21).

ന്യായപ്രമാണവ്യവസ്ഥയിൽ ദൈവം മനുഷ്യർക്കു കല്പനകൾ നൽകിയിരിക്കുന്നു; എന്നാൽ അവയെ അനുസരിക്കുവാനുള്ള ശക്തി നൽകിയിരുന്നില്ല. അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണു ദൈവം ന്യായപ്രമാണം നൽകിയത്? ദൈവം നിശ്ചയിച്ച നിലവാരത്തിലേക്കു വന്നുചേരുവാൻ തനിക്കു കഴിവില്ലെന്നു മനുഷ്യൻ കണ്ടെത്തുവാനും അങ്ങനെ ഒരു രക്ഷകന്റെയും സഹായിയുടേയും ആവശ്യം മനസ്സിലാക്കുവാനുമത്രേ ദൈവം അപ്രകാരം ചെയ്തത്. ന്യായപ്രമാണം നമ്മെ ക്രിസ്തുവിങ്കലേക്കു നടത്തുന്ന ശിശുപാലകൻ (tutor) ആയിത്തീർന്നു (ഗലാ. 3:24).

എന്നാൽ ഇപ്പോൾ ദൈവം മനുഷ്യനുമായി ഒരു പുതിയ ഉടമ്പടി സ്ഥാപിച്ചിരിക്കുന്നു. അതിലൂടെ ദൈവം നമുക്കു കല്പനകൾ മാത്രമല്ല നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന വ്യക്തിയിലൂടെ നാം പിന്തുടരേണ്ട ഒരു മാതൃകയും നൽകിയിരിക്കുന്നു. ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിക്കുവാൻ നമ്മുടെ ഭൗമികജീവിതത്തിൽ നമുക്കു സാധ്യമാണെന്നു തന്റെ ഇഹലോകജീവിതത്തിലൂടെ യേശു കാണിച്ചുതന്നിരിക്കുന്നു.

പുതിയ ഉടമ്പടി പ്രകാരം തന്റെ കല്പനകൾ നമ്മുടെ ഉള്ളിലാക്കി വയ്ക്കുമെന്നും അവയെ നമ്മുടെ ഹൃദയത്തിന്മേൽ എഴുതുമെന്നും കൂടി ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു (എബ്രാ. 8:10). നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിലൂടെയാണു ദൈവം ഇതു ചെയ്യുന്നത്. ദൈവത്തിന്റെ ഹിതം എന്താണെന്നു നമുക്കു കാണിച്ചു തരിക മാത്രമല്ല, ആ ഹിതം മുഴുവനായി ചെയ്യാനുള്ള ഒരാഗ്രഹം നമുക്കു നൽകുകയും അത് അനുസരിക്കുവാനുള്ള കൃപ ദാനം ചെയ്കയും ചെയ്യുന്ന ഒരു സഹായിയാണു പരിശുദ്ധാത്മാവ്.

നമ്മെ പൂർണ്ണമായി വിശുദ്ധീകരിക്കുന്ന ഒരുവനാണു ദൈവം (1 തെസ്സ 5:23). നമുക്കിതു സ്വമേധയാ ചെയ്യുവാൻ സാധ്യമല്ല. ഈ ദൈവത്തിൽ ആശ്രയിച്ചിട്ടേ നമുക്കിതു സാധിക്കൂ. തന്റെ ഹിതം ചെയ്യുവാനുള്ള ആഗ്രഹവും ഒപ്പം അത് അനുസരിപ്പാനുള്ള ശക്തിയും നമുക്കു നൽകുവാനായി നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്ന ഒരുവനാണു ദൈവം. എന്നാൽ നാമാകട്ടെ, ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷ പ്രാവർത്തികമാക്കുവാൻ പ്രയത്നിച്ചേ മതിയാവൂ. (ഫിലി. 2 :12,13). ദൈവം ഉള്ളിലിരുന്നു പ്രവർത്തിക്കുന്ന കാര്യം പുറമേ സാധിതപ്രായമാക്കുവാൻ നാം സഹകരിക്കണം. കാരണം, ദൈവം നമ്മെ യന്ത്രങ്ങളായിട്ടല്ല സൃഷ്ടിച്ചിരിക്കുന്നത്.

പാപത്തെക്കുറിച്ചുള്ള കുറ്റബോധത്തിൽനിന്നു ദൈവം നമ്മെ ശുദ്ധീകരിക്കുന്നു. എന്നാൽ "ജഡത്തിലെയും ആത്മാവിലെയും സകല കല്മഷങ്ങളും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊള്ളുവാൻ" അവിടുന്നു നമ്മോടു കല്പിച്ചിരിക്കുന്നു (2കൊരി 7:1). നമ്മുടെ ഉള്ളിൽ ഏതേതു കല്മഷങ്ങളാണ് ഉള്ളതെന്നതിനെപ്പറ്റി നമുക്കു വെളിച്ചം കിട്ടിയാലുടൻ അതു നീക്കുവാൻ നാം കഠിനപ്രയത്നം ചെയ്യണം.

ഇപ്രകാരം നാം ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരി

## The Making of Peter the Disciple -XV



# DISCIPLES GROW IN SPIRITUAL MATURITY

**Sandeep Poonen**

**I** had written about some marks of the disciples once they were filled with the Holy Spirit. I want to highlight three traits of disciples worthy of more thought:

- Disciples are ruthless against the love of money
- Disciples are ruthless against seeking the honor of man
- Disciples grow in their desire to reach the unreachable

**The love of money**

When Peter and John healed the lame man, **money was not Peter's solution to human suffering**(Acts 3:6)**.** Filled with the Holy Spirit, Peter saw no need for silver and gold to help the poor and the hurting. The name of Jesus was what Peter needed. This principle is sadly ignored by most of Christianity.

Almost all our solutions to human suffering depend on how much money we have. **We problem-solve to the limits of our bank accounts, rather than looking to the infinite God.**Almost all Christian healers therefore claim: "*I don't have as muchmoney as I need. If you give sacrificially (even get into debt to give to me), I will pray for your healing!And if nothing happens, then it's because YOU didn't have enough faith. Or YOU didn't sow a big enough seed!So keep giving me your money, and God will ultimately bless/heal you.*"Tragically, millions of Christians are presently trapped in this deception.

A godly man gave me this invaluable insight to spot false leaders: ***Look at the man's attitude towards money. If he loves money, he cannothear from God***.I use this simple test for all those who claim to be

---

പ്പിക്കുമ്പോഴാണ് ആത്മാവിൽ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ (ഗലാ. 5:22) അധികമധികം നമ്മിൽ വിളഞ്ഞുവരുന്നത്. ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുക എന്നതിന്റെ അർത്ഥം ഇതത്രേ.

ഈ വിധത്തിൽ നമ്മുടെ ജീവിതപാത സമയം കഴിയുന്തോറും അധികമധികം ശോഭാപൂർണ്ണമായിത്തീരും (സദൃ. 4:18). ദൈവം നമുക്കായി നിശ്ചയിച്ചിട്ടുള്ള വിശുദ്ധീകരണത്തിന്റെ തേജോമയമായ മാർഗ്ഗം ഇതത്രേ. (അവസാനിച്ചു.)

❖

Christian leaders. Even if there is no glaring outward sin, I stay far away from anyone in whom I see a clear love for money. And I invariably find that their greed for money invariably exposes their lack of spiritual depth over time.

Even if we offer our bodies to be burned at the stake, it is still worthless to God if we love money – because no one can love money and love God (1 Corinthians 13:3; Matthew 6:24).

**The honor of man**

In Acts 8, we read about a magician named Simon who attracted people with his magic skills. When Philip came and preached the gospel and healed the sick and cast out demons under the power of the true God, Simon knew that this was a great power and received Phillip's message.But Simon only received it superficially.He was more interested in the glamor of the gifts of the Holy Spirit than a holy life, that when Simon saw Peter and John lay their hands on people to receive the Holy Spirit, Simon craved that miraculous ability too.

Simon had never seen his need to die to impressing others. When he was a heathen magician, he could impress others through his sorcery. When he saw the superior power of Philip, he wanted that… until he saw the even more impressive power of Peter and John, desperate enough to offer money for it.

Peter strongly rebuked Simon for this (Acts 8:20-23), telling Simon that he was "*in the gall of bitterness and in the bondage of iniquity."*Simon's slavery to impressing others had created in him a gall of bitterness.This has great application to our lives. **Our desires to impress other people will result in a deep bitter jealousy in our hearts**. When we are jealous of another's success, it is because we have not ruthlessly died to seeking the honor of man.

One note here about the love of money here. Peter had already seen the seriousness of loving money that had killed Ananias and Sapphira (Acts 5), so he easily refused Simon's offer of money. Even though Peter was a full-time minister living off the free-will offerings of others, he had NO desire to gain financially from his supernatural gifts.

**Reaching the unreachable**

The Old Covenant was strictly for the people of Israel. Jesus extended His good news of the New Covenant to the whole world. And Peter was used to bring the first Gentile (Cornelius) to a born-again faith in Jesus (Acts 10).

Since even Jesus was not sent to reach the Gentiles in His public ministry (Matthew 15:24), God had to change Peter's mindset about non-Jews. He did this through a vision (Acts 10:9-16) just before Peter was sent to Cornelius's house. Peter was sleeping on the rooftop, and he saw a vision of a blanket being lowered with a lot of animals that were considered unclean according to the Mosaic Law. Peter heard a voice

telling him to kill and eat. When Peter refused, he heard these beautiful words, "*What God has cleansed, no longer consider unholy*" (Acts 10:15).

This was a prophetic vision to prepare Peter for the salvation of Cornelius. But this has an important principle that we see here. **True disciples must grow in seeking to reach the unreachable**. The Gentiles were considered unclean to the Jews – according to the Old Covenant. But God deemed the Old Covenant faulty and tore it up (Hebrews 8:8,13). In the New Covenant, nobody was unclean or unreachable. Jesus died for the sins of the whole world.

In our lives, there are many people that we can think could never be saved. But as we grow as disciples of Jesus, we learn more of God's heart. God considered every single human being worthy of His Son's sacrifice. Jesus saw that even the worst of sinners was valuable enough to die for.

This is the heart of God that disciples partake of. This is the Divine Nature that is available to us as we feast on His great and magnificent promises. The promises of God not only bring us love and forgiveness and security, they also give us God's heart which is full of mercy and compassion.

God is said to be rich in mercy (Ephesians 2:4). As we get to know God, we too will take on His heart of mercy and compassion to every single human being.

**Falling back to old tendencies (sins)**

Even with all of the wonderful changes in Peter after he was filled with the Holy Spirit, he was immune from sin. Even AFTER Peter was repeatedly filled with the Holy Spirit, he still made some terribly sinful choices later on.

Some believers can wrongly think that the baptism of the Holy Spirit will instantly and permanently transform them into holy people. This is not true. **The Holy Spirit is a Holy Helper, not a Holy Possessor**. He does not come to overpower our self-will. He comes as a Helper, eagerly waiting for us to ask for His help. But whenever we seek to do our own will and satisfy our own sinful desires, we will find that we will fall into sin. We will enjoy persistent victory over sin only if we actively asked the Holy Spirit for help. We can seek to be filled with the Holy Spirit, but we *also* have to honor the Holy Spirit by actively seeking His help. Otherwise we will "quench" the fire that He brings.

The fruit of the Holy Spirit is described in *Galatians 5:22-23 as love, joy, peace, patience, kindness, goodness, faithfulness, gentleness, self-control*. But the verse right after that is also important. *Galatians 5:24 – Now those who belong to Christ Jesus have crucified the flesh with its passions and desires*.

**This is an important caution about the baptism in the Holy Spirit: The baptism/filling of the Holy Spirit does not automatically make us holy; the Holy Spirit comes to *help us* be holy. The fruit of the**

# ബൈബിളിലൂടെ....

*(പേജ് 30 ൽ നിന്ന് തുടർച്ച ...)*

സാനസമയത്തു ഗെത്സെമെനെയിൽ കഴിച്ച പ്രാർത്ഥനയെക്കുറിച്ചു മാത്രമല്ല. "തന്റെ ഐഹിക ജീവകാലത്ത്" എന്ന പ്രയോഗം ശ്രദ്ധിക്കുക. അതിന്നർത്ഥം ഈ ഭൂമിയിൽ ജീവിച്ച 33 1/2 വർഷം എന്നു തന്നെയാണ്. ഇവിടെ പറഞ്ഞിരിക്കുന്ന ''മരണത്തിൽനിന്ന്'' എന്ന പ്രയോഗം ശാരീരിക മരണത്തിൽനിന്ന് എന്നല്ല മറിച്ച് ഒരിക്കലെങ്കിലും പാപം ചെയ്യുന്നതിലൂടെ സംഭവിക്കുന്ന ആത്മീയമരണത്തെ ഉദ്ദേശിച്ചാണ്. ഒരിക്കൽ പോലും പാപം ചെയ്വാനിടയാകരുതേ എന്നാണ് യേശു പ്രാർത്ഥിച്ചത്. അക്കാര്യത്തിൽ തന്റെ എരിവ് അത്രയധികമായിരുന്നു. സഹായത്തിനുവേണ്ടിയുള്ള പ്രാർത്ഥന വലിയ നിലവിളിയോടും കണ്ണീരോടും കൂടെയുള്ളതായിരുന്നു. അതുകൊണ്ടു തനിക്ക് ഒരിക്കലും പാപം ചെയ്യേണ്ടി വന്നില്ല. അധികം പേരും യേശു ദൈവപുത്രനായതുകൊണ്ട് പാപം ചെയ്തില്ല എന്നു കരുതുന്നവരാണ്. ഒരിക്കലുമില്ല. ഉച്ചത്തിലുള്ള നിലവിളിയോടെയും കണ്ണീരോടെയും സഹായത്തിനുവേണ്ടി വിളിച്ചപേക്ഷിച്ചതുകൊണ്ടാണ് പാപത്തിൽനിന്നും വിടുതലുണ്ടായത്. അവിടുന്നു പാപത്തെ വെറുക്കുകയും നീതിയെ ഇഷ്ടപ്പെടുകയും ചെയ്തതുകൊണ്ടാണ് അങ്ങനെ പ്രാർത്ഥിക്കുവാൻ കഴിയുന്നത്. അതുകൊണ്ട് അപ്രകാരം പ്രാർത്ഥി

---

**Holy Spirit is not a guaranteed by-product of those who are born of the Spirit or even those who evidence some gifts of the Spirit. The fruit of the Holy Spirit is borne in us AS we do our part to crucify our flesh with its passions and desires.**

Peter also had to choose to keep listening to the Holy Spirit. He often made the right choice, but he fell back to his old legalistic ways by refusing to eat with Gentiles when he was around legalistic Jewish Christians. So when Paul met with Peter, he confronted Peter for this hypocrisy (Galatians 2:11-14).

Despite the miraculous vision that Peter saw, and despite being used to witness the first Gentile being born again, Peter succumbed here to seeking the honor of others.Peter rejected the Holy Spirit's voice and made the evil choice to treat the Gentiles as inferior. And given Peter's stature, his hypocrisy even corrupted Barnabas (known for his immense gift to encourage others).

This is a warning for the rest of us. Hypocrisy and seeking the approval of man are sins that reside deep within us. Far beneath sins like sexual immorality and outbursts of anger, we will find hypocrisy, legalism, honor-seeking, and pride still abounding. We who desire to live wholly for God will pay close attention to these sins, and walk with soberness because we need the Holy Spirit's help to keep them pure.

❖

# എഡിറ്റോറിയൽ തുടർച്ച ........

'നാം ക്രിസ്തുവിൽ' എന്ന ഈ സത്യം നമ്മുടെ ഭൂതകാലം സംബന്ധിച്ച എല്ലാകാര്യങ്ങളെയും കൈകാര്യം ചെയ്തിരിക്കുന്നു. നാം ക്രിസ്തുവിൽ ആകുമ്പോൾ ഭൂതകാലത്തിൽ നാം ചെയ്ത തെറ്റുകൾ എല്ലാം ദൈവം ക്ഷമിക്കുക മാത്രമല്ല ചെയ്യുന്നത്. അങ്ങനെയാണ് അവിടുന്നു ചെയ്യുന്നതെങ്കിൽ 'അതുവരെയുള്ള തെറ്റുകളെല്ലാം ക്ഷമിക്കപ്പെട്ട അപരാധി' എന്നതായിരിക്കും ദൈവമുൻപാകെ നമ്മുടെ സ്ഥാനം. പകരം ദൈവം അതുവരെയുള്ള പാപം ക്ഷമിക്കുക മാത്രമല്ല 'ഇതുവരെ ഒരു തെറ്റും ചെയ്തിട്ടില്ലാത്ത നീതിമാൻ' എന്നു നമ്മെ മുദ്രകുത്തുക കൂടി ചെയ്യുന്നു. ഇതിനെയാണു 'നീതീകരണം' എന്നു വിളിക്കുന്നത്. ദൈവം നമ്മുടെ ഭൂതകാല പാപങ്ങൾ ക്ഷമിച്ചാൽ മാത്രം പോരേ? എന്തിനാണു നീതീകരിക്കുന്നത്? അതിനു കാരണം ' നാം ക്രിസ്തുവിലാ'ണെന്നതാണ്. ദൈവമുൻപാകെ ക്രിസ്തുവിന്റെ സ്ഥാനം എന്താണ്? അത് 'ഒരിക്കലും ഒരു പാപവും ചെയ്തിട്ടില്ലാത്ത നീതിമാൻ' എന്നതാണ്. നാം ക്രിസ്തുവിലാകയാൽ ക്രിസ്തുവിനുള്ളതെല്ലാം നമുക്കും ബാധകമാണ്. അതുകൊണ്ടു തന്നെ ദൈവത്തിനു നമ്മുടെ ഭൂതകാല പാപങ്ങൾ ക്ഷമിച്ചാൽ മാത്രം പോരാ, സ്വർഗീയ കോടതിയുടെ മുൻപാകെ 'ഭൂതകാലത്തിൽ ഒരിക്കൽപോലും പാപം ചെയ്തിട്ടില്ലാത്ത നീതിമാന്മാർ' എന്നു നമ്മെ പ്രഖ്യാപിക്കുക കൂടിവേണം. ഇവിടെ

---

ക്കാത്ത മറ്റനേകരെക്കാൾ അധികമായി പിതാവ് യേശുവിനെ പരിശുദ്ധാത്മ ശക്തിയാൽ അഭിഷേകം ചെയ്തു (എബ്രാ. 1:9). അധികം വിശ്വാസികളും പാപത്തെ ഗൗരവമായി എടുക്കുന്നില്ല. തങ്ങൾ മനുഷ്യരായതുകൊണ്ടു പാപത്തെ ജയിക്കുവാൻ കഴിയില്ലെന്ന് അവർ വിചാരിക്കുന്നു. എന്നാൽ ഉച്ചത്തിലുള്ള നിലവിളിയും പ്രാർത്ഥനയും ഇല്ലാത്തതുകൊണ്ടാണ് അവർക്കു പാപത്തിന്മേൽ ജയം ലഭിക്കാത്തത്. ഇപ്രകാരമുള്ള ഉറച്ച നിലവിളിക്കുവേണ്ടിയായിരുന്നു യേശു ഏകാന്തമായ സ്ഥലങ്ങൾ തേടി നടന്നത്. (ലൂക്കോ. 5:16).

പട്ടണത്തിൽ താമസിക്കുമ്പോൾ ഏകാന്തമായ സ്ഥലങ്ങൾ കണ്ടെത്തുവാൻ പ്രയാസമാണ്. എന്നാൽ ഹൃദയത്തിൽ വലിയ നിലവിളി ഉയർത്തുവാൻ കഴിയും എന്നു ഞാൻ കണ്ടെത്തിയിട്ടുണ്ട്- ശബ്ദമൊന്നും പുറത്തേക്കു വരാതെ തന്നെ. ഞാൻ എവിടെ ആയിരുന്നാലും എനിക്കതിനു കഴിയും . ചിന്തയിലും വാക്കിലും പ്രവൃത്തിയിലും വിശുദ്ധിക്കുവേണ്ടി എനിക്കു നിലവിളിക്കുവാൻ കഴിയും. ഞാൻ പാപത്തിൽ വീണാൽ എനിക്കു കണ്ണുനീരൊഴുക്കിയേ മതിയാകൂ. യേശു ഒരിക്കലും പാപത്തിൽ വീണില്ല. എന്നിട്ടുകൂടി അവിടുന്ന് എന്നും കണ്ണീരൊഴുക്കുന്നവനായിരുന്നു. അതെന്നെ വളരെ വിനീതനാക്കുന്നു. ശുദ്ധിക്കുവേണ്ടിയുള്ള എരിവ് യേശുവിനെ ദഹിപ്പിച്ചുകൊണ്ടിരുന്നു. അതുകൊണ്ടായിരുന്നു ദൈവഹിതം പൂർണ്ണമായി നിറവേറ്റുവാൻ അവിടുത്തേക്കു കഴിഞ്ഞത്.

(തുടരും)

മൊഴിമാറ്റം:**ബോബി ചെറിയാൻ**

❖

ക്രിസ്തുവിന്റെ നീതി നമ്മുടെ നീതിയായി കണക്കിടുകയാണ്. ('പുസ്തകത്തിനു സംഭവിക്കുന്നതെല്ലാം അതിനുള്ളിലെ ടിക്കറ്റിനും ബാധകമാണല്ലോ' എന്ന ഉദാഹരണം ഓർക്കുക). നീതീകരണം എന്നു പറയുന്നത് എത്ര മഹത്തായ കാര്യമാണ്!

ചുരുക്കത്തിൽ 'നാം ക്രിസ്തുവിൽ' എന്ന ദൈവിക സത്യം നീതികരണത്തിലൂടെ നമ്മുടെ ഭൂതകാലം സംബന്ധിച്ച തെറ്റുകൾക്കെല്ലാം നിവൃത്തി വരുത്തിയിരിക്കുന്നു. ഇതു ദൈവം തന്നെ ചെയ്യുന്ന ഒരു കാര്യമാണ്. നമുക്കു ചെയ്തെടുക്കുവാൻ കഴിയുന്നതല്ല. 'ഞാൻ എന്നെത്തന്നെ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കണം' എന്നല്ല മറിച്ച് 'ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു' എന്നാണല്ലോ വാക്യം. (ഗലാത്യ. 2:20). 'നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു' എന്ന വചനവും ശ്രദ്ധിക്കുക (റോമ.6:6). ആദാമിന്റെയും ഹവ്വയുടെയും അനുഭവം ഇതു വ്യക്തമാക്കാൻ നല്ലൊരു ഉദാഹരണമാണെന്നു തോന്നുന്നു. ഏദൻ തോട്ടത്തിൽ പാപം ചെയ്തപ്പോൾ ഇരുവരും നഗ്നരായിത്തീർന്നു. ഉടനെ അവർ അത്തിയിലകൾ കൊണ്ടു വസ്ത്രം ഉണ്ടാക്കി നാണം മറയ്ക്കാൻ ശ്രമിച്ചു. എന്നാൽ ദൈവം ഒരു മൃഗത്തെ കൊന്ന് അതിന്റെ തോലെടുത്ത് അതുകൊണ്ട് അവരുടെ നഗ്നത മറച്ചു. ആദിമമാതാപിതാക്കളുടെ പാപത്തിന്റെ ഫലമായി കൊല്ലപ്പെട്ട മൃഗം ക്രിസ്തുവിന്റെ പ്രതീകമാണ്. അത്തിയിലകൾ മനുഷ്യന്റെ പ്രവൃത്തിയുടെ പ്രതീകവും. നമ്മുടെ ഏറ്റവും നല്ല സൽപ്രവൃത്തികൾ പോലും ദൈവത്തിന്റെ മുൻപാകെ കറപുരണ്ട തുണിപോലെയാണല്ലോ (യെശ 64:6). അതുകൊണ്ട് നമ്മുടെ പ്രവൃത്തികൾകൊണ്ട് നാം ദൈവമുൻപാകെ നീതീകരിക്കപ്പെടുകയില്ല. മറിച്ച് 'ക്രിസ്തുവിന്റെ നീതി' എന്ന തോൽവസ്ത്രം കൊണ്ടു മാത്രമേ നമ്മുടെ നഗ്നത മറയ്ക്കുവാൻ കഴിയുകയുള്ളു. ഇങ്ങനെ ക്രിസ്തുയേശുവിൽ സൗജന്യമായി നാം നീതീകരിക്കപ്പെട്ടിരിക്കുന്നു.

രണ്ടാമതായി 'ക്രിസ്തു നമ്മിൽ' എന്ന വസ്തുത വിശുദ്ധീകരണത്തോടുള്ള ബന്ധത്തിൽ ചിന്തിക്കാം. ഗലാത്യർ 2 :20 നോക്കുക : 'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു'. ഇതിന്റെ ആദ്യഭാഗം നാം ചിന്തിച്ചു. ഞാൻ ക്രിസ്തുവിനോടുകൂടെ ഭൂതകാലത്തിൽ ക്രൂശിക്കപ്പെട്ടിരിക്കുന്നു. എന്റെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു ഞാൻ അറിയുന്നു. ഇത്രയും ശരിയാണ്. എന്നാൽ തുടർന്നു പറയുന്നു. 'ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തു എന്നിൽ'.

ക്രിസ്തു നമ്മിൽ (Christ in us) എന്നതു നമ്മുടെ വർത്തമാനകാലത്തെയും ഭാവിയെയും സംബന്ധിച്ച കാര്യമാണ്. ദൈവത്താൽ നീതീകരിക്കപ്പെട്ട നമ്മൾ ഇനി വിശുദ്ധിയുടെ പാതയിലൂടെ മുന്നോട്ട് ഓടണം. എന്നാൽ അതു ചെയ്യുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന ക്രിസ്തുവാണെന്ന് (Not I, but christ in me) തുടർന്നു പറയുന്നു. വിശുദ്ധിയുടെ പാതയിലൂടെ വിജയകരമായി നമ്മെ മുന്നോട്ടു നടത്താൻ അവിടുന്നു ശക്തനാണ്. "വീഴാത വണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവനാണ് അവി

ടുന്ന്" (യൂദ. 24) 'ഇനി ജീവിക്കുന്നതു ഞാനല്ല' എന്നു പറയുമ്പോൾ ഊന്നൽ നമ്മിലല്ല എന്നർത്ഥം. മറിച്ച് 'ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്നു പറയുമ്പോൾ എനിക്കു പകരം ക്രിസ്തു ജീവിക്കുകയാണ്. അവിടുന്ന് ശക്തനാണ്.

ഇതു പ്രായോഗികമായി എങ്ങനെയാണു നടക്കുന്നത്? 'ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്നു പറയുമ്പോൾ അതൊരു പുതുജീവനാണ്. ജീവൻ ഒരു 'നിയമ'ത്തിന്റെ (law) അടിസ്ഥാനത്തിൽ സ്വാഭാവികമായാണു പ്രവർത്തിക്കുന്നത്. ഉദാഹരണത്തിനു ഗുരുത്വാകർഷണനിയമം. അത് ഭൂമിയിൽ എല്ലായിടത്തും ഒരേപോലെ പ്രവർത്തിക്കുന്നു. നാം ഭൂമിയിൽ എവിടെ നിന്ന് ഒരു കല്ല് മുകളിലേക്ക് എറിഞ്ഞാലും അതു മുകളിലേക്കു പോകുകയില്ല, സ്വാഭാവികമായി താഴേക്കു പോരും. ഇതൊരു നിയമമാണ്. ആത്മീയ മണ്ഡലത്തിലും ഇങ്ങനെ രണ്ടു നിയമങ്ങൾ (പ്രമാണങ്ങൾ) പ്രവർത്തിക്കുന്നതായി പൗലൊസ് പറയുന്നു. പാപത്തിന്മേൽ വിജയകരമായ ഒരു വിശുദ്ധജീവിതം ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരു ദൈവപൈതലിനെ വീഴ്ത്തിക്കളയാൻ സദാജാഗരൂകമായിരിക്കുന്ന ശക്തി ഒരു പ്രമാണം (നിയമം) പോലെയാണു പ്രവർത്തിക്കുന്നതെന്നു സ്വന്തം ജീവിതത്തോടു ബന്ധപ്പെടുത്തി പൗലൊസ് ചൂണ്ടിക്കാട്ടുന്നു. (റോമർ 7:21, 23, 25). ഇതിനെതിരെ വീഴാതെ വിശ്വാസിയെ സൂക്ഷിക്കുന്ന ദൈവികജീവനും ഒരു പ്രമാണം പോലെയാണു പ്രവർത്തിക്കുന്നതെന്നു പൗലൊസ് വിശദീകരിക്കുന്നു. ഇതാണു 'ജീവന്റെ ആത്മാവിന്റെ പ്രമാണം'. ഈ ജീവന്റെ ആത്മാവിന്റെ പ്രമാണം തനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നുവെന്നാണ് ഒടുവിൽ പൗലൊസ് ഉദ്ഘോഷിക്കുന്നത് (റോമർ 8:2). ഈ ജീവന്റെ പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണു നമുക്കും വിജയകരമായ ഒരു വിശുദ്ധജീവിതം കരഗതമാകുന്നത്. ക്രിസ്തു എന്നിൽ. ഞാനല്ല, ക്രിസ്തുവാണു ജീവിക്കുന്നത്. വിജയകരമായ ഒരു ജീവിതത്തിന്റെ രഹസ്യം അവിടുന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണു 1 കൊരിന്ത്യർ 1:30 ന്റെ രണ്ടാം ഭാഗത്ത് 'അവൻ നമുക്കു ദൈവത്തിങ്കൽനിന്നു .... ശുദ്ധീകരണവും ... ആയിത്തീർന്നു' എന്നു പറഞ്ഞിരിക്കുന്നത്. നമ്മുടെ പ്രവൃത്തികളല്ല, കർത്താവു തന്നെയാണു നമ്മുടെ ശുദ്ധീകരണം. എത്ര അത്ഭുതകരം!

എന്നാൽ ഇതിന്റെ അർത്ഥം നമുക്കൊരു ഉത്തരവാദിത്തവും ഇല്ലെന്നാണോ...? അല്ല. ഗലാത്യർ 2:20 ൽ നമ്മൾ ഇതുവരെ ചിന്തിച്ചതിന്റെ അടുത്തഭാഗത്ത് ഇതു വ്യക്തമാണ്. "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു." പൗലൊസ് ഇവിടെ നിർത്തുന്നില്ല. തുടർന്നു പറയുന്നു: "ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്." നേരത്തേ, ഗലാ.2:20 ന്റെ ആദ്യഭാഗത്ത് 'ഇനി ഞാൻ ജീവിക്കുന്നില്ല' എന്നു പറഞ്ഞ പൗലൊസ് തന്നെ 'ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നു' എന്നു പറഞ്ഞിരിക്കുന്നു. കണ്ടോ? 'ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവാണ്' എന്നു

പറയുമ്പോൾ തന്നെ എന്റെ അസ്തിത്വം ഇല്ലാതാകുന്നില്ല. തുടർന്നും ഈ ലോകത്തിൽ ഞാൻ തന്നെ ജീവിച്ചേ മതിയാകൂ. അതു നൽകുന്ന ഉത്തര വാദിത്തത്തിൽ നിന്ന് എനിക്ക് ഒളിച്ചോടാനാവില്ല. ഞാൻ മറ്റെവിടെ നിന്നോ നിയന്ത്രിക്കപ്പെടുന്ന ഒരു യന്ത്രമനുഷ്യനല്ല. 'ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുക' തന്നെയാണ്.

ഒരേ വാക്യത്തിൽ തന്നെ ആദ്യം പറയുന്നു 'ഞാൻ ഇനി ജീവിക്കുന്നില്ല'? തുടർന്നു പറയുന്നു 'ഞാൻ ഇപ്പോൾ ജഡത്തിൽ ജീവിക്കുന്നു.' പരസ്പര വിരുദ്ധമെന്ന് തോന്നാവുന്ന ഈ പ്രസ്താവനയുടെ പൊരുളെന്താണ്? ഇതിനെ ലളിതമായി ഇങ്ങനെ പറയാം: ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു. ഇനി ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. അപ്പോൾ തന്നെ ഇപ്പോൾ ജഡത്തിൽ ജീവിച്ചിരിക്കുന്ന ഞാൻ എന്നിൽ ജീവിക്കാൻ ക്രിസ്തുവിനെ അനുവദിക്കേണ്ടതുണ്ട്. ഈ ഉത്തരവാദിത്തം എന്റേതാണ്.

ഒരു നിയമം (പ്രമാണം) പോലെ ഇതു സ്വാഭാവികമായി നടന്നുകൊള്ളും എന്നു നാം മുകളിൽ പറഞ്ഞെങ്കിലും ആ പ്രമാണം പ്രവർത്തിക്കുന്നതിനെ തടയാൻ നമുക്കാകും. ഉദാഹരണത്തിനു നേരത്തെ ചിന്തിച്ച ഗുരുത്വാ കർഷണ നിയമം തന്നെ എടുക്കുക. മുകളിലുള്ള ഏതു വസ്തുവും വീണാൽ താഴേക്കുതന്നെ പതിക്കും. എന്നാൽ ആ വസ്തു വീഴാൻ തുടങ്ങുമ്പോൾ തന്നെ ഒരു കൈ അതിനെ ബലമായി പിടിച്ചാലോ? അതു പിന്നെ താഴേക്കു വീഴുകയില്ല. ഗുരുത്വാകർഷണ നിയമം അവിടെ സ്വാഭാവികമായി പ്രവർത്തി ക്കുന്നതിൽ നിന്ന് ഒരു കൈ അതിനെ തടഞ്ഞു. ഇതുപോലെ ജീവന്റെ ആത്മാവിന്റെ പ്രമാണം പ്രവർത്തിക്കുന്നതു തടയാൻ നമുക്കാകും. മറിച്ച് ജീവന്റെ ആത്മാവിന്റെ പ്രമാണം സ്വാഭാവികമായി പ്രവർത്തിക്കാൻ നാം അനുവദിക്കുകയാണ് വേണ്ടത്.

ഇങ്ങനെ ക്രിസ്തു നമ്മിൽ ജീവിക്കാൻ നാം അനുവദിക്കുക എന്നു പറ ഞ്ഞാൽ പ്രായോഗിക അർത്ഥത്തിൽ അതെങ്ങനെയാണ്? ഗലാത്യർ 2:20 ൽ നിന്ന് അതും വ്യക്തമാണ്: "ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്". എന്നിൽ ജീവി ക്കുന്ന ദൈവപുത്രങ്കലുള്ള വിശ്വാസത്താൽ (ആശ്രയത്വത്താൽ) ആണതു കഴിയുന്നത്. വിശ്വാസം എന്നാൽ ഫലത്തിൽ വിശ്വസിക്കുന്ന ആളിനെ ആശ്ര യിക്കുന്നതാണ്, ആ ആളിനു കീഴടങ്ങുന്നതാണ്. നാം നമ്മിലുള്ള ക്രിസ്തു വിനു കീഴടങ്ങണം. അങ്ങനെ ക്രിസ്തുവിനെ നമ്മിൽ ജീവിക്കാൻ അനുവദി ക്കണം.

നാം ഇങ്ങനെ കീഴടങ്ങുന്നതിന് ഒരു മാതൃക ആ വാക്യത്തിൽ തന്നെ പറഞ്ഞിരിക്കുന്നതും ശ്രദ്ധിക്കുക. അതും മറ്റാരുമല്ല, ദൈവപുത്രൻ തന്നെ യാണ്. ദൈവപുത്രനെ അവിടെ വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെയാ ണെന്നു ശ്രദ്ധിച്ചോ? 'എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തവൻ' എന്നാണ്. ദൈവപുത്രൻ തന്നെത്താൻ ഏല്പി ച്ചുകൊടുത്തു. നാം ഇതാണു മാതൃകയാക്കേണ്ടത്.

ദൈവപുത്രൻ തന്നെത്താൻ ഏല്പിച്ചുകൊടുത്തത് എന്തിനുവേണ്ടി

യാണ്? ഉത്തരം : പിതാവിന്റെ ഇഷ്ടം തന്നിൽ നിറവേറാനാണ്. പിതാവായ ദൈവം ലോകത്തെ സ്നേഹിച്ച് പ്രിയ പുത്രനെ ലോകസ്ഥാപനത്തിനു മുൻപേ ക്രൂശിൽ തകർത്തുകളയാൻ നമുക്കായി വേർതിരിച്ചു എന്നതു സത്യമാണ്. പക്ഷേ അതു യാഥാർത്ഥ്യമാകാൻ പുത്രനും അതിനുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുക്കേണ്ടതുണ്ടായിരുന്നു. പുത്രൻ സ്വന്തഇഷ്ടത്തെ പിതാവിന്റെ ഇഷ്ടത്തിനു കീഴ്പ്പെടുത്തിക്കൊടുത്തില്ലായിരുന്നെങ്കിൽ അതു യാഥാർത്ഥ്യമാകുകയില്ലായിരുന്നു. ദൈവഹിതം മാത്രമേ ഈ ലോകത്തു നടക്കുകയുള്ളു. അതു സ്വാഭാവികമായി ഒരു 'നിയമം'പോലെ നിറവേറുകയും ചെയ്യും. എന്നാൽ പുത്രൻ സ്വന്ത ഇഷ്ടത്തിൽ മുറുകെപ്പിടിച്ചു നിന്നിരുന്നെങ്കിൽ അതു തടസ്സപ്പെടുമായിരുന്നു. അതുകൊണ്ട് പുത്രൻ സ്വന്തഇഷ്ടത്തെ പിതാവിന്റെ ഇഷ്ടത്തിന് അടിയറവച്ച് പിതാവിനു കീഴടങ്ങി തന്നെത്താൻ ഏല്പിച്ചു കൊടുത്തു. ഗത്സെമന തോട്ടത്തിൽ യേശു 'എന്റെ ഇഷ്ടമല്ല' എന്നു സമർപ്പിച്ചപ്പോൾ 'ഇനി ജീവിക്കുന്നതു ഞാനല്ല' എന്നു തന്നെയാണു തത്ത്വത്തിൽ സമ്മതിച്ചത് (ഒരുവന്റെ അസ്തിത്വം വാസ്തവത്തിൽ അവന്റെ സ്വന്തം ഇഷ്ടമാണല്ലോ). തുടർന്ന് യേശു 'നിന്റെ ഇഷ്ടം തന്നെ ആകട്ടെ' എന്നു പ്രാർത്ഥിച്ചപ്പോൾ പിതാവിന്റെ ഇഷ്ടം തന്റെ ജീവനാകുവാൻ അനുവദിക്കുകയാണു ചെയ്തത്. യേശു പിതാവിന്റെ ഇഷ്ടം തന്നിൽ നിറവേറുവാൻ സ്വന്ത ഇഷ്ടത്തെ ഏല്പിച്ചുകൊടുത്തതു തന്നെയാണ് നമുക്കും മാതൃക. നാം നമ്മുടെ ഇഷ്ടത്തെ ദൈവപുത്രന്റെ ഇഷ്ടത്തിനായി ഏൽപ്പിച്ചുകൊടുക്കണം.

ചുരുക്കത്തിൽ ക്രിസ്തുവാണു നമ്മിൽ ജീവിക്കുന്നത്; നാമല്ല. അപ്പോൾ തന്നെ ക്രിസ്തു നമ്മിൽ ജീവിക്കാൻ അനുവദിക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. 'എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം' എന്നു തന്നെത്താൻ ഏല്പിച്ചുകൊടുത്തുകൊണ്ടാണ് അതു നമുക്കു ചെയ്യാവുന്നത്. 'ഞാൻ കുറഞ്ഞാലാണല്ലോ അവന് എന്നിൽ വളരുവാൻ' കഴിയുന്നത് (യോഹന്നാൻ 3:30).

ജീവിതത്തിൽ സ്വയത്തിന്റെ ഇഷ്ടം നമ്മിൽ കുറഞ്ഞുവരുമ്പോൾ ആ സ്ഥാനത്തു ദൈവഹിതം നടപ്പായിക്കൊണ്ടിരിക്കും. വിശുദ്ധജീവിതം എന്നു പറയുന്നതു ദൈവേഷ്ടത്തിലേക്കു മുന്നേറിക്കൊണ്ടിരിക്കുന്നതാണല്ലോ.

നോക്കുക: നമ്മുടെ നീതീകരണവും വിശുദ്ധീകരണവും ദൈവം എത്ര ഭംഗിയായി ക്രമീകരിച്ചിരിക്കുന്നു! നമ്മെ ക്രിസ്തുവിൽ ആക്കിവച്ചപ്പോൾ ഭൂതകാലത്തിൽ ക്രിസ്തുവിനോടൊപ്പം നമ്മുടെ 'പഴയമനുഷ്യൻ' ക്രൂശിക്കപ്പെട്ടു. ഫലം നാം സൗജന്യമായി നീതീകരിക്കപ്പെട്ടു. തുടർന്നു 'ക്രിസ്തു നമ്മിൽ' ആയപ്പോൾ വിശുദ്ധീകരണത്തിന്റെ പാതയിൽ അവിടുത്തെ ശക്തിയാൽ നമുക്കു സ്വാഭാവികമായി മുന്നേറാൻ കഴിയുന്നു. അപ്പോൾത്തന്നെ ക്രിസ്തു നമ്മിൽ ജീവിക്കുവാൻ നാം അനുവദിക്കുകയും ക്രിസ്തു നമ്മിൽ വളരുവാൻ നാം നമ്മുടെ ഇഷ്ടത്തെ അവിടുത്തെ ഇഷ്ടത്തിനായി ഏൽപ്പിച്ചുകൊടുക്കുകയും വേണം.

ഈ സത്യങ്ങൾ കാണേണ്ടതുപോലെ കണ്ടാൽ നാമും പൗലൊസിനെപ്പോലെ ഇങ്ങനെ പറഞ്ഞുപോകും: "ഹ! ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! .... സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന് എന്നേക്കും മഹത്വം ആമേൻ".

❖

## Thought for the month

# GOD WANTS TO CHANGE OUR INNER ATTITUDE

**Santosh Poonen**

In Matthew 5-7, Jesus compares the New Covenant with the Old Covenant. The Old Covenant is characterized by instructions on WHATyou should or shouldn't DO (Exodus 20:1-16). The New Covenant, on the other hand, is characterized by WHOwe should BE – that is, the attitudes of our heart. So, in Matthew 5, we see that the New Covenant is: to BE poor in spirit (v3); to BE mournful over sin (v4); to BE gentle (v5); to BE merciful (v7); to BE pure in heart (v8). And, I think this is best highlighted in verse 6, where Jesus says that righteousness doesn't come from doing various righteous deed, but frombeing hungry and thirsty for righteousness. The world has a saying that "God helps those who help themselves." But, it is more Scriptural to say, "God helps those who are hungry for Him."

Here are 4 basic attitudes that God wants us to have in the New Covenant:

1. **Be Thankful:** In Colossians 3 we see a progression that begins with being thankful in our hearts (v15), which causes us to singout of that thankful heart (v16), which then causes us to give thanks through Jesus to the Father (v17). So, it's only when we have a thankful attitude on Monday through Saturday, that the praise and thanksgiving that we offer to God on Sunday is meaningful. If we grumble and complain during the week, however, all our words of thanks to God on Sunday morning will be completely empty.

   And, how can we have a thankful attitude. In the story of the ten lepers who were healed (Luke 17:11-19), the only one who came back to give thanks to Jesus was a Samaritan. The Samaritans were despised by the Jews, and a Samaritan *leper* would have been the most despised of all! It is because this Samaritan leper thought of himself as a nobody in society, that he had a thankful attitude. Likewise, when we remain in humble thoughts about ourselves, esteeming others as more important than ourselves (Philippians 2:3-4), we will find that our attitude is always thankful.

2. **Be Merciful:** In Luke 6:36 and Matthew 5:48, Jesus says that we should be perfect in mercy like our Father is perfect in mercy toward us. If I have a merciful attitude in my heart, then mercy will always come out of me instantly. Just like when a grape is squeezed, what comes out immediately is wine, if you had "squeezed" Jesus when He lived on earth, what would have come out was mercy. We can have this same life too, so that what comes immediately out of us as well is mercy.

3. **Be Faithful:**Being faithful doesn't mean having the ability to do a lot of things. Rather, it is having an attitude that is fullof faithfor whatever God wants us to do! So, whatever task is in front of you today, no matter how small it may seem to you, do it to please the Lord, with complete trust that He will honor it. Jesus said in Luke 16:10-12, that the one who is faithful in little things this way, will be entrusted with bigger and bigger things.

4. **Be Ready:** Imagine that someone important was coming to your house today, but you weren't sure of the exact time. What would your attitude be throughout the day? No matter what you were doing, you would constantly be listening for the knock on the door. Jesus said that His return would be just like that – a soft knock on the door. So, we must always be on the alert to immediately open the door (Luke 12:35-40).

Unlike many other things in the Christian life, these are all attitudes that we can have today with God's help. You can be thankful right now! You can be merciful right now! You can be faithful with what's in front of you right now! And, you can be ready for Jesus right now!

JEEVA MOZHIKAL RNI/KERBIL/-2003/21404
March 2018 www.jeevamozhikal.org
Annual Subscription Rs. 150/-

Registered No: KL/KTM/46/2018-20
Licence No: KL/CR/KTM/WPP-15/2018-20
Licence to Post without prepayment
Date of Publication 28-02-2018

## ഒരേ സംഭവം, രണ്ടു വീക്ഷണം

ഒരു എഴുത്തുകാരൻ തന്റെ മുറിയിലിരുന്നു ഡയറിയിൽ ഇങ്ങനെ എഴുതി:

- കഴിഞ്ഞ വർഷം എനിക്ക് ഒരു ശസ്ത്രക്രിയയ്ക്കു വിധേയനാകേണ്ടിവന്നു. എന്റെ ഗാൾബ്ലാഡർ ഓപ്പറേറ്റു ചെയ്തു മാറ്റി. പല ആഴ്ചകൾ എനിക്ക് ഓപ്പറേഷൻമൂലം കിടക്കയിൽ തന്നെ കഴിയേണ്ടിവന്നു.
- കഴിഞ്ഞ വർഷം തന്നെ എന്റെ പിതാവിന്റെ മരണദുഃഖം എനിക്കറിയേണ്ടി വന്നു.
- കഴിഞ്ഞ വർഷം എനിക്ക് 60 വയസ്സായി. എനിക്ക് എന്റെ പ്രിയപ്പെട്ട ജോലിയോടു വിടപറയേണ്ടിവന്നു. ഞാൻ എന്റെ നീണ്ട 35 വർഷങ്ങൾ ഈ പ്രസിദ്ധീകരണ സ്ഥാപനത്തിൽ ജോലിചെയ്തിരുന്നതാണ്.

ഇത്രയും എഴുതിയിട്ട് അതിന്റെ ഒടുവിലായി അദ്ദേഹം ഇങ്ങനെ എഴുതി: "ഓ ദൈവമേ, കഴിഞ്ഞ വർഷം എത്ര മോശം വർഷമായിരുന്നു"!

ഈ സമയം എഴുത്തുകാരന്റെ ഭാര്യ പിന്നിലൂടെ മുറിയിൽ പ്രവേശിച്ചു. ചിന്തയിൽ ലയിച്ച് കണ്ണടച്ചിരുന്ന ഭർത്താവിന്റെ മുമ്പിലെ കടലാസിൽ അദ്ദേഹം കുത്തിക്കുറിച്ചതെല്ലാം അവൾ വായിച്ചു. എന്നിട്ടു നിശ്ശബ്ദയായി മുറിവിട്ട് ഇറങ്ങിപ്പോയി. പിന്നെ മറ്റൊരു കടലാസ്സിൽ താഴെപ്പറയുന്നവിധത്തിൽ എഴുതി ആ കടലാസ് ഭർത്താവിന്റെ മുന്നിൽ കൊണ്ടുവച്ചു.

അദ്ദേഹം പെട്ടെന്നു ഞെട്ടി കണ്ണുതുറന്നു കടലാസിൽ എഴുതിയിരുന്നത് ഇങ്ങനെ വായിച്ചു:

- കഴിഞ്ഞ വർഷം എന്റെ ഗാൾബ്ലാഡർ കുഴപ്പമില്ലാതെ ശസ്ത്രക്രിയചെയ്തു നീക്കാൻ ഇടയായി. അതുമൂലം ഞാൻ എത്രയോ വർഷങ്ങൾ വേദന അനുഭവിച്ചിരുന്നതാണ്! ഇപ്പോൾ എത്ര സുഖം!
- കഴിഞ്ഞ വർഷം തന്നെ 90 വയസ്സുണ്ടായിരുന്ന എന്റെ പിതാവ് ആരെയും ഭാരപ്പെടുത്താതെ, കിടന്നു കഷ്ടപ്പെടാതെ, തികഞ്ഞ പ്രത്യാശയോടെ നിത്യതയിൽ പ്രവേശിച്ചു. ദൈവത്തിന്റെ സമയം എത്ര കൃത്യം!
- കഴിഞ്ഞ വർഷം 60-ാം വയസ്സിൽ ആരോഗ്യത്തോടെ എനിക്കു ജോലിയിൽനിന്നു വിരമിക്കാൻ കഴിഞ്ഞു. ഇനി എനിക്ക് എന്റെ സമയം സമാധാനത്തോടെ കുറച്ചുകൂടി മെച്ചപ്പെട്ട, നിത്യതയെ സംബന്ധിക്കുന്ന കാര്യങ്ങൾ ഭംഗിയായി എഴുതാൻ ഉപയോഗപ്പെടുത്താമല്ലോ! എത്ര വലിയ സാധ്യത!

അതിന്റെ അടിയിൽ ഇങ്ങനെയും കുറിച്ചിരുന്നു "ഓ ദൈവമേ, ഇത്രയും അനുഗ്രഹീതമായ ഒരു വർഷം അവിടുന്ന് എനിക്കു തന്നല്ലോ. നന്ദി നന്ദി"

എഴുത്തുകാരന്റെ കണ്ണുനിറഞ്ഞു. എത്ര ശരി! കഴിഞ്ഞ വർഷത്തെ സംഭവങ്ങളെ അദ്ദേഹം പുതിയൊരു വെളിച്ചത്തിൽ കാണാൻ തുടങ്ങി.

" സത്യമായതു ഒക്കെയും ഘനമായത് ഒക്കെയും നീതിയായത് ഒക്കെയും നിർമ്മലമായത് ഒക്കെയും രമ്യമായത് ഒക്കെയും സത്കീർത്തിയായത് ഒക്കെയും സൽഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചുകൊൾവിൻ" (ഫിലിപ്യർ4:8)

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.